# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഇരിക്കൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി4/102/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 18/03/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇരിക്കൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇരിക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇരിക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി4/102/2022 തീയ്യതി: 18/03/2022

# കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 12-02-2020 മുതൽ 04-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 46 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 38 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. സാബു പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 05-01-2022 | 22-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-01-2022 | 22-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ഷൈമകുമാരി എസ് എൽ, ഓഡിറ്റ് ഓഫീസർ
ശ്രീ.ഷഹീൻ പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി വനജ എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ധന്യ എം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ അനസ് കെ ടി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി ടി സി നസിയത്ത് | പ്രസിഡന്റ് | 31-12-2020 | 31-03-2021 |
| ശ്രീ ഇബ്രാഹിം എൻ യു | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. അനിൽ കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ. ശ്രീകുമാർ ടി വി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി രേഷ്മ എം വി | വി.ഇ.ഒ. | 01-04-2020 | 18-10-2020 |
| ശ്രീ രാജേഷ് കെ | വി.ഇ.ഒ. | 19-10-2020 | 10-01-2021 |
| ശ്രീമതി ഷൈനി എം | വി.ഇ.ഒ. | 11-01-2021 | 31-03-2021 |
| ഡോ.മനമാത്യൂ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി. | 01-04-2020 | 31-03-2021 |
| ഡോ. നിത്യാ ചാക്കോ | വെറ്റിനറി സർജൻ | 01-04-2020 | 03-02-2021 |
| ഡോ.ഗ്രീഷ്മ ആർ എസ് | വെറ്റിനറി സർജൻ | 04-02-2021 | 28-02-2021 |
| ഡോ.അങ്കിത | വെറ്റിനറി സർജൻ | 01-03-2021 | 31-03-2021 |
| ഡോ.അമ്പിളി സി | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2020 | 22-11-2020 |
| ഡോ.സ്വാതി എസ് മാധവൻ | മെഡിക്കൽ ഓഫീസർ ആയുർവേദം | 23-11-2020 | 29-01-2021 |
| ഡോ.സുക്ക്ഫാന ഷമീറ പി പി | മെഡിക്കൽ ഓഫീസർ ആയുർവേദം | 30-01-2021 | 07-03-2021 |
| ഡോ. ഷൈനി എം ബാസ്കർ | മെഡിക്കൽ ഓഫീസർ ആയുർവേദം | 08-03-2021 | 31-03-2021 |
| ശ്രീമതി വീണ എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 09-11-2020 |
| ശ്രീമതി ലളിത എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10-11-2020 | 31-03-2021 |
| ശ്രീമതി ദീപ ജോസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.ജോൺ കെ സ്റ്റീഫൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |

12.11.2020 മുതൽ 30.12.2020 വരെയുള്ള കാലയളവിൽ സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ, കൃഷി

ഓഫീസർ എന്നിവരടങ്ങിയ ഭരണ നിർവ്വഹണ കമ്മിറ്റിയാണ് നിലവിലുണ്ടായിരുന്നത്.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക.<br>Written By: Shaheen.P (Asst. Audit Officer, On 25-01-2022)<br>Last Updated By: Vanaja Madathankandi (Senior Grade Auditor, On 27-01-2022) | 1-2 |
| 2 | വാർഷിക കണക്കിലെ അപാകങ്ങൾ<br>Written By: Shaheen.P (Asst. Audit Officer, On 25-01-2022)<br>Last Updated By: Shyma Kumari S.L (Audit Officer, On 16-03-2022) | 1-2-1 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Shaheen.P (Asst. Audit Officer, On 25-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-03-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Shyma Kumari S.L (Audit Officer, On 25-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-03-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Shyma Kumari S.L (Audit Officer, On 25-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-03-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shaheen.P (Asst. Audit Officer, On 25-01-2022)<br>Last Updated By: Shaheen.P (Asst. Audit Officer, On 25-01-2022) | 1-6 |
| 7 | വാർഷിക പദ്ധതി-ലേബർ ബഡ്ജറ്റ്<br>Written By: Shaheen.P (Asst. Audit Officer, On 25-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-03-2022) | 1-6-1 |
| 8 | പങ്കാളിത്തം സംബന്ധിച്ചവിശദവിവരം<br>Written By: Shaheen.P (Asst. Audit Officer, On 25-01-2022)<br>Last Updated By: Vanaja Madathankandi (Senior Grade Auditor, On 27-01-2022) | 1-6-2 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: Dhanya M (Auditor, On 25-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-03-2022) | 1-7 |
| 10 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Dhanya M (Auditor, On 25-01-2022)<br>Last Updated By: Vanaja Madathankandi (Senior Grade Auditor, On 27-01-2022) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണസംവിധാനം<br>Written By: Shyma Kumari S.L (Audit Officer, On 24-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-03-2022) | 1-9 |
| 12 | ഗ്രാമ സഭ<br>Written By: Shyma Kumari S.L (Audit Officer, On 24-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-03-2022) | 1-10 |
| 13 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Shyma Kumari S.L (Audit Officer, On 24-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-03-2022) | 1-11 |
| 14 | സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ബാങ്ക് കളക്ഷൻ ചാർജ്ജ് ഈടാക്കുന്നത് ശരിയായ നടപടിയല്ല<br>Written By: Dhanya M (Auditor, On 24-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-03-2022) | 1-12 |
| 15 | ബിൽഡിംഗ് പെർമിറ്റ് ഫീസ് ഈടാക്കുന്നത് ചട്ടപ്രകാരമല്ല<br>Written By: Dhanya M (Auditor, On 24-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-03-2022) | 1-13 |
| 16 | ബസ് സ്റ്റാന്റ് ടോയ്‌ലറ്റ്, കംഫർട്ട് സ്റ്റേഷൻ യൂസർ ഫീസ് പിരിവ് -തുടർനടപടി അറിയിക്കേണ്ടതാണ്.<br>Written By: Dhanya M (Auditor, On 24-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-03-2022) | 1-14 |

| | | |
|---|---|---|
| 17 | എഫ്.ടി. ഇ & ഒ.എസ് ലൈസൻസ് അപാകങ്ങൾ<br>Written By: Dhanya M (Auditor, On 24-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-03-2022) | 1-15 |
| 18 | സ്വകാര്യ ആശുപത്രികളുയുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ പുതുക്കുന്നില്ല<br>Written By: Dhanya M (Auditor, On 24-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-03-2022) | 1-16 |
| 19 | വാടക അപാകങ്ങൾ<br>Written By: Dhanya M (Auditor, On 24-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-03-2022) | 1-17 |
| 20 | ഗവൺമെന്റ് അംഗീകരിച്ച വാടക ബൈലോ നിലവിൽ ഇല്ല<br>Written By: Dhanya M (Auditor, On 24-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-03-2022) | 1-17-1 |
| 21 | വാടക കുടിശ്ശിക ഈടാക്കി അറിയിക്കേണ്ടതാണ്.<br>Written By: Dhanya M (Auditor, On 24-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-03-2022) | 1-17-2 |
| 22 | തൊഴിൽ നികുതി അപാകങ്ങൾ<br>Written By: Dhanya M (Auditor, On 24-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-03-2022) | 1-18 |
| 23 | സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽനികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ ഈടാക്കിയിട്ടില്ല<br>Written By: Dhanya M (Auditor, On 24-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-03-2022) | 1-18-1 |
| 24 | ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.<br>Written By: Dhanya M (Auditor, On 24-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-03-2022) | 1-18-2 |
| 25 | തൊഴിൽനികുതി- രേഖകൾ ലഭ്യമാക്കിയിട്ടില്ല<br>Written By: Dhanya M (Auditor, On 24-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-03-2022) | 1-18-3 |
| 26 | അംഗൻവാടി പോഷകാഹാരം-വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിലെയും വിതരണം നടത്തിയതിലെയും അപാകങ്ങൾ.-ചെലവ് തുക1439146/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Vanaja Madathankandi (Senior Grade Auditor, On 25-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-03-2022) | 1-19 |
| 27 | പാലിയേറ്റീവ് പരിചരണത്തിന് ഉപകരണങ്ങൾ വാങ്ങൽ - ഓക്സിജൻ കോൺസൻട്രേറ്റർ ലഭ്യമായിട്ടില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 25-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-03-2022) | 1-20 |
| 28 | ജീവൻരക്ഷാ മരുന്നുകൾ ലഭ്യമാക്കൽ - രേഖകൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 25-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-03-2022) | 1-21 |
| 29 | സാന്ത്വന പരിചരണം പരിരക്ഷ - ₹111740യുടെ മരുന്നും ഉപകരണങ്ങളും ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Vanaja Madathankandi (Senior Grade Auditor, On 25-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-03-2022) | 1-22 |
| 30 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - അപാകങ്ങൾ.<br>Written By: Vanaja Madathankandi (Senior Grade Auditor, On 25-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-03-2022) | 1-23 |
| 31 | പ്ലാസ്റ്റിക് സംസ്കരണത്തിന് ബെയിലിംഗ് മെഷീൻ വാങ്ങി -മെഷീൻ സ്ഥാപിച്ച് പ്രവർത്തനം തുടങ്ങിയില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 25-01-2022) | 1-24 |

| | | |
|---|---|---|
| | Last Updated By: Harish Kumar M.V (Computer Assistant, On 18-03-2022) | |
| 32 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - രേഖകളും രജിസ്റ്ററുകളും ലഭ്യമാക്കിയില്ല. ചെലവുതുക ₹1,25,000 തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 25-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-03-2022) | 1-25 |
| 33 | ലൈഫ് ആശ്രയ ഭവന നിർമ്മാണം രണ്ടാം ഘട്ടം - അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് വീട് കൈമാറിയിട്ടില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 25-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-03-2022) | 1-26 |
| 34 | അസി. എഞ്ചിനീയരുടെ ചെലവ് ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ പൊതു അപാകതകൾ<br>Written By: Shyma Kumari S.L (Audit Officer, On 24-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-03-2022) | 1-27 |
| 35 | ശാന്തിതീരം പൊതു ശ്മശാനം പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തീകരിക്കുകയും പിഴ ഇനത്തിൽ തുക ഈടാക്കേണ്ടതുമാണ്.<br>Written By: Shyma Kumari S.L (Audit Officer, On 24-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-03-2022) | 1-28 |
| 36 | പ്രവൃത്തി- ചെയിനേജ് ആവർത്തനം അധിക തുക പലിശ ഉൾപ്പെടെ തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Shyma Kumari S.L (Audit Officer, On 25-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-03-2022) | 1-29 |
| 37 | ചുമതലയിൽ പെടാത്ത സ്ഥാപനത്തിന്റെ ചെലവ് വഹിക്കുന്നത്<br>Written By: Shaheen.P (Asst. Audit Officer, On 25-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-03-2022) | 1-30 |
| 38 | ഒരേ ആവശ്യത്തിന് 9  പേർ യാത്ര ചെയ്തത്<br>Written By: Shaheen.P (Asst. Audit Officer, On 26-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-03-2022) | 1-31 |
| 39 | എസ്.എൽ.ഐ., ജി.ഐ.എസ് . വരിസംഖ്യ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.<br>Written By: Shaheen.P (Asst. Audit Officer, On 25-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-03-2022) | 1-32 |
| 40 | സ്മാർട്ട് കോളർ സ്ഥാപിക്കൽ അപാകങ്ങൾ<br>Written By: Shaheen.P (Asst. Audit Officer, On 25-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-03-2022) | 1-33 |
| 41 | തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപണി അപാകങ്ങൾ<br>Written By: Shaheen.P (Asst. Audit Officer, On 25-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-03-2022) | 1-34 |
| 42 | ലോൺ തുക തിരിച്ചടച്ചിട്ടും വികസനഫണ്ടിൽ നിന്നും കുറവ് ചെയ്ത ₹204941 തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Shaheen.P (Asst. Audit Officer, On 26-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-03-2022) | 1-35 |
| 43 | ആർജ്ജിതാവധി സറണ്ടർ രേഖകൾ ലഭ്യമാക്കിയില്ല. ₹67920 ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 26-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-03-2022) | 1-36 |
| 44 | സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ ആർജ്ജിതാവധി സറണ്ടർ അനുവദിച്ചു. ₹47450 ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Shaheen.P (Asst. Audit Officer, On 26-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-03-2022) | 1-37 |
| 45 | മഴക്കാല പൂർവ്വ ശുചീകരണം വാലേഷനിലും അധികം നൽകിയ ₹2459 ചെലവ് നിരാകരിക്കുന്നു. | 1-38 |

| | | |
|---|---|---|
| | Written By: Shaheen.P (Asst. Audit Officer, On 26-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-03-2022) | |
| 46 | മാസ്ക് വിതരണം- രേഖകൾ ഹാജരാക്കിയിട്ടില്ല. ₹46000 ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Shaheen.P (Asst. Audit Officer, On 26-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-03-2022) | 1-39 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പ്രവൃത്തി- ചെയിനേജ് ആവർത്തനം അധിക തുക പലിശ ഉൾപ്പെടെ തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Shyma Kumari S.L (Audit Officer, On 23-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-03-2022) | 3-1 |
| 2 | മഴക്കാല പൂർവ്വ ശുചീകരണം വാലേഷനിലും അധികം നൽകിയ ₹2459 ചെലവ് നിരാകരിക്കുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 05-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 16-03-2022) | 3-2 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയിതിന്റെ വിവരം<br>Written By: Shaheen.P (Asst. Audit Officer, On 26-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-03-2022) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shaheen.P (Asst. Audit Officer, On 26-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-03-2022) | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Shaheen.P (Asst. Audit Officer, On 26-01-2022)<br>Last Updated By: Shaheen.P (Asst. Audit Officer, On 26-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത്<br>Written By: Shaheen.P (Asst. Audit Officer, On 26-01-2022)<br>Last Updated By: Shaheen.P (Asst. Audit Officer, On 26-01-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Shaheen.P (Asst. Audit Officer, On 26-01-2022)<br>Last Updated By: Shaheen.P (Asst. Audit Officer, On 26-01-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങളുടെ വിവരം<br>Written By: Shaheen.P (Asst. Audit Officer, On 26-01-2022)<br>Last Updated By: Shaheen.P (Asst. Audit Officer, On 26-01-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shaheen.P (Asst. Audit Officer, On 26-01-2022)<br>Last Updated By: Shaheen.P (Asst. Audit Officer, On 26-01-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Shaheen.P (Asst. Audit Officer, On 26-01-2022)<br>Last Updated By: Shaheen.P (Asst. Audit Officer, On 26-01-2022) | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം<br>Written By: Shaheen.P (Asst. Audit Officer, On 26-01-2022)<br>Last Updated By: Shaheen.P (Asst. Audit Officer, On 26-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shaheen.P (Asst. Audit Officer, On 26-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shaheen.P (Asst. Audit Officer, On 26-01-2022) | 4-11 |

| | | |
|---|---|---|
| | Last Updated By: Pramodan Anchantavida (Computer Assistant, On 16-03-2022) | |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | റെസീറ്റ് ആന്റ് സ്റ്റേറ്റ്മെന്റ് |
| 4 | ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ് ഷീറ്റ് |

# ഭാഗം -1

# പൊതു അവലോകനം

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2021 | 07.07.2021 | തിരിച്ചയച്ചിട്ടില്ല |

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 31.05.2021 ലെ 86/2021നമ്പർ തീരുമാനപ്രകാരമാണ് 2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചത്.

## 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

1- വികസന ഫണ്ട് ജനറൽ ചെലവ്, ചെലവ് പത്രിക പ്രകാരം 6687795. എന്നാൽ ഇൻകം ആന്റ് എക്സ്പെന്റേച്ചർ പത്രിക പ്രകാരം (I-6) പ്രകാരം 6482854. ജി ഒ പ്രോജക്ട് പ്രകാരം വികസനഫണ്ട് വിഹിതത്തിൽ നിന്ന് നേരിട്ട് കുറവ് ചെയ്ത 204291 രൂപ ഇൻകം ആന്റ് എക്സ്പെന്റിച്ചർ (I-6) പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2- ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് ഉകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് ഉകകളും പൊരുത്തപ്പെടുന്നില്ല.

| | ഗ്രാന്റ് നീക്കിയിരിപ്പ് ബാലൻസ് ഷീറ്റ് B-4 | ബാങ്ക് നീക്കിയിരിപ്പ് ബാലൻസ് ഷീറ്റ് B-17 | വ്യത്യാസം |
|---|---|---|---|
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 4007 | 9007 | 5000 |
| ജലനിധി | 59586 | 66909 | 7273 |

3 – ആസ്തി രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമല്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 7173494 |
| വരവ് | 47665043 |
| ആകെ | 54838537 |
| ചെലവ് | 47729686 |
| നീക്കിയിരിപ്പ് | 7108851 |
| വരവിനങ്ങളിലെ നഷ്ടം | 0 |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത ഉക | 21706 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ ഉക | 1725516 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | - | 6952500 | 6952500 | 6687795 | 264705 |
| വികസന ഫണ്ട്-എസ്.സി.പി | - | 364000 | 364000 | 364000 | |
| വികസന ഫണ്ട്-ടി.എസ്.പി | - | 45000 | 45000 | 45000 | |
| മെയിന്റനൻസ് ഫണ്ട്, റോഡ് | - | 7042000 | 7042000 | 7042000 | |
| മെയിന്റനൻസ് ഫണ്ട്, നോൺ-റോഡ് | - | 3456681 | 3456681 | 2864015 | 592666 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | - | 4685019 | 4685019 | 4217359 | 467660 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | - | 2700000 | 2700000 | 2059437 | 640563 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | | | | | |
| ഭരണ ചെലവുകൾ | 172017 | 596838 | 768855 | 759848 | 9007 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 15644029 | 15644029 | 15644029 | 0 |
| ഐ സി ഡി എസ് | 1037206 | 693427 | 1730633 | 1200000 | 530633 |
| എം പി ഫണ്ട് | 3661 | 111 | 3772 | 0 | 3772 |
| സാക്ഷരത | 1935 | 0 | 1935 | 0 | 1935 |
| ജലജീവൻ മിഷൻ | 0 | 600953 | 600953 | 0 | 600953 |
| ശുചിത്വ മിഷൻ | 506443 | 835103 | 1341546 | 986437 | 355109 |
| ജലനിധി | 57528 | 2058 | 59586 | 0 | 59586 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| തൊഴിൽ ഉറപ്പ് പദ്ധതി 100 ദിനം പൂർത്തിയായവർക്ക് അനുവദിച്ചത് | 0 | 125000 | 125000 | 125000 | 0 |
| എം എൻ ലക്ഷം വീട് | 742500 | 0 | 742500 | 0 | 742500 |
| വിമുക്തി | 25000 | 0 | 25000 | 0 | 25000 |
| ചിയാക്ക് ആരോഗ്യ ഇൻഷ്വറൻസ് | 1788 | 0 | 1788 | 0 | 1788 |
| ഇലക്ഷൻ | 0 | 19500 | 19500 | 19500 | 0 |
| കില പരിശീലനം | 0 | 10900 | 10900 | 10900 | 0 |
| കെ എസ് എഫ് ഇ | 0 | 71250 | 71250 | 0 | 71250 |

## 1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2020-21 | 156 | 68639285 | 118 | 36035333 | 11 | 38 | 68.59 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 13 | 11 | 3991661 | 1997324 | 50 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 5 | 3 | 909000 | 284000 | 31.24 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 73 | 59 | 35590605 | 21447589 | 60.26 |
| 4 | കൃഷി ഓഫീസർ | 16 | 14 | 2307082 | 1877578 | 81.38 |
| 5 | വി.ഇ.ഒ. | 16 | 13 | 16797109 | 3735591 | 22 |
| 6 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി. | 12 | 9 | 3076000 | 1729168 | 56.21 |
| 7 | വെറ്റിനറി സർജൻ | 7 | 7 | 1250000 | 720000 | 57.6 |
| 8 | മെഡിക്കൽ ഓഫീസർ ആയുർവേദം | 3 | 2 | 660000 | 600000 | 90.9 |
| 9 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 7 | 3957828 | 3550243 | 89.7 |

| | | | | | | |
|---|---|---|---|---|---|---|
| 10 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 100000 | 93840 | 93.84 |
| | | 156 | 118 | 68639285 | 36035333 | 52.50 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 172017 | 596838 | 768855 | 759848 | 9007 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 15644029 | 15644029 | 15644029 | 0 |
| ആകെ | 172017 | 16240867 | 16412884 | 16403877 | 9007 |

## 1-6-1 വാർഷിക പദ്ധതി-ലേബർ ബഡ്ജറ്റ്

| വർഷം | ലേബർ ബഡ്ജറ്റ്-വാർഷിക പദ്ധതി പ്രകാരം നിർദ്ദേശിച്ച പ്രവൃത്തികൾ | നടപ്പാക്കിയ പ്രവൃത്തികൾ | ശതമാനം |
|---|---|---|---|
| 2020-21 | 290 | 178 | 61 |

## 1-6-2 പങ്കാളിത്തം സംബന്ധിച്ചവിശദവിവരം

| | | |
|---|---|---|
| 1 | പുതുതായി രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 42 |
| 2 | ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 1057 |
| 3 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾ | 485 |
| 4 | തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 485 |
| 5 | 100 ദിനം തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 172 |
| 6 | തൊഴിൽ ആവശ്യപ്പെട്ടശേഷം തൊഴിൽ ലഭിച്ചവരുടെ ശതമാനം | 100 |
| 7 | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 30458 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1361400 | 89 |
| തൊഴിൽ രഹിത വേതനം | 12960 | 13 |

| | | |
|---|---|---|
| വിധവാ പെൻഷൻ | 9658800 | 616 |
| വാർദ്ധക്യകാല പെൻഷൻ | 11412300 | 729 |
| വികലാംഗ പെൻഷൻ | 3019200 | 194 |
| അവിവാഹിത പെൻഷൻ | 54100 | 3 |
| വിവാഹ ധനസഹായം | 300000 | 12 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-1-2022 ന് 2.50 Pm സമയത്ത് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹69240 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണസംവിധാനം

മനുഷ്യ വിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പുവരുത്തി ലക്ഷ്യം നേടാൻ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ പ്രവർത്തന സജ്ജമാക്കേണ്ടത് അനിവാര്യമാണ്. അധികാര – ഉത്തരവാദിത്ത ബന്ധങ്ങളെ കൃത്യമായി നിർവ്വചിച്ചുകൊണ്ടുള്ള ഉദ്യോഗസ്ഥ സംഘടനാ സംവിധാനം, ശക്തവും കാര്യക്ഷമവുമായ മേൽനോട്ടത്തിൽ ചുമതലാ നിർവ്വഹണം, നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്സിങ്ങ് സംവിധാനത്തോടെയും സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം. പഞ്ചായത്തിന്റെ വാർഷിക ബജറ്റ് പാസ്സാക്കുന്നതിൽ നിയമ പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടുണ്ട്. വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട ബാങ്ക് പാസ്സ്ബുക്കുകൾ, ബാങ്ക് ബുക്കുകൾ എന്നിവ പൊരുത്തപ്പെടുത്തി സൂക്ഷിച്ചുവരുന്നുണ്ട്. വികസനഫണ്ട്, സംരക്ഷണഗ്രാന്റ്. ജനറൽ പർപ്പസ് ഗ്രാന്റ്, മറ്റ് തനത് ഫണ്ടുകൾ, സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച് എ.സി.ആർ സൂക്ഷിക്കുന്നുണ്ട്. ഫാമുകൾ, വ്യവസായ എസ്റ്റേറ്റ് വരവ്, കെട്ടിട വാടകവരവ്, കാർഷിക യന്ത്രങ്ങളുടെ വാടക വരവ് എന്നിവ സംബന്ധിച്ച് പ്രത്യേകം നിരീക്ഷിക്കുന്നതിന് നിലവിൽ സംവിധാനമില്ല. അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ച് വരുന്നുണ്ട്. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഒരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്.

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണസംവിധാനം ഫലപ്രദമായി തന്നെ പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ജീവനക്കാരുടെ പ്രതിമാസ യോഗം എല്ലാമാസവും വിളിച്ചുചേർക്കുന്നുണ്ട്. ചേർന്ന യോഗങ്ങളിൽ പഞ്ചായത്തിന്റെ നികുതി പിരിവ് പുരോഗതി, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ വിലയിരുത്തൽ എന്നിവയാണ് മിക്കവാറും അവലോകനം നടത്തിയിട്ടുള്ളത്. പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി ഉൾപ്പെടെ ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. ആസ്തി രജിസ്ററർ പൂർണ്ണമാക്കേണ്ടതാണ്. ഭൂനികുതിയൊടുക്കിയും പോക്കുവരവ് മുതലായ നടപടിക്രമങ്ങൾ പൂർത്തിയാക്കിയും ഭൂമിസംബന്ധമായ കാര്യങ്ങൾ കാലികമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഇൻകംബൻസി രജിസ്ററർ കുറ്റമറ്റ രീതിയിൽ തയ്യാറാക്കേണ്ടതാണ്.

എല്ലാ മാസവും കൃത്യമായി ഓഫീസ് മീറ്റിംഗ് നടത്തുന്നുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിലും വാർഷിക പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കിയതിന്റെ കാര്യത്തിൽ ജില്ലയിൽ അഞ്ചാം സ്ഥാനവും സംസ്ഥാന തലത്തിൽ 15ാം സ്ഥാനവും നേടിയെടുത്തു എന്നത് പ്രത്യേകം ശ്ലാഘിക്കേണ്ടുന്ന വസ്തുതയാണ്. 2020-21 വർഷത്തിൽ 92% നികുതി പിരിവും കൈവരിച്ചിട്ടുണ്ട്. വിവിധ വാർഡുകളിൽ ദുരന്ത നിവാരണ സ്ക്വാഡും രൂപീകരിച്ചിട്ടുണ്ട്.

## 1-10 ഗ്രാമ സഭ

ഇരിക്കൂർ ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ ഗ്രാമ സഭ മിനട്സ് പരിശോധിച്ചതിൽ ഫിബ്രവരി 2021 എന്ന തീയതിയിൽ മാത്രമാണ് ഗ്രാമ സഭ ചേർന്നിരിക്കുന്നത്. മൂന്നു മാസത്തിൽ ഒരു തവണ ഗ്രാമ സഭ യോഗം ചേരണമെന്നത് കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ പാലിച്ചിട്ടില്ല. എല്ലാ യോഗങ്ങളിലും ക്വാറം തികഞ്ഞിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം | വാർഡിലെ ആകെ അംഗങ്ങളുടെ എണ്ണം | പങ്കെടുത്ത വാർഡ് അംഗങ്ങളുടെ എണ്ണം | ഗ്രാമ സഭ യോഗം ചേർന്ന ദിവസം | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2 | 819 | 93 | 9/2/2021 | വാർഷിക പദ്ധതി രൂപീകരിക്കൽ, വാർഷിക പദ്ധതി അവലോകനം, ഗുണഭോക്തൃ ലിസ്ററ് സാധൂകരണം, മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി അവലോകനം |
| 4 | 970 | 99 | 7/2/2021 | |
| 9 | 900 | 91 | 5/2/2021 | |
| 11 | 673 | 111 | 7/2/2021 | |
| 13 | 524 | 122 | 6/2/2021 | |

28/9/2020 ലെ സാധാരണ യോഗം തീരുമാനം നമ്പർ 123/20(4) പ്രകാരം വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ പരിശോധിച്ച് ഗുണഭോക്തൃ ലിസ്ററ് തയ്യാറാക്കുന്നതിനായി ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയും വിവിധ നിർവഹണ ഉദ്യോഗസ്ഥരുടെ ഗുണഭോക്തൃ ലിസ്ററ് തയ്യാറാക്കുന്നതിനായി രണ്ടാമത്തെ ഉദ്യോഗസ്ഥനായി അസി. സെക്രട്ടറിയെയും, സെക്രട്ടറി, അസി.സെക്രട്ടറി എന്നിവരുടെ ഗുണഭോക്തൃ ലിസ്ററ് തയ്യാറാക്കുന്നതിനായി രണ്ടാമത്തെ ഉദ്യോഗസ്ഥനായി കൃഷി ഓഫീസറേയും അധികമായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതു പ്രകാരമാണ് ഗുണഭോക്തൃ ലിസ്ററ് തയ്യാറാക്കിയിരിക്കുന്നത്.

## 1-11 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. ഇരിക്കൂർ ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടുണ്ടെങ്കിലും പഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയുടെ മൂല്യം കണക്കാക്കുകയോ പുതുതായി നിർമിച്ച കെട്ടിടങ്ങളുടെ മൂല്യം കണക്കാക്കുകയോ ആയത് പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.ആയതിനാൽ പഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയുടെ മൂല്യം കണക്കാക്കുകയും പുതുതായി നിർമിച്ച കെട്ടിടങ്ങളുടെ മൂല്യം കണക്കാക്കുകയും ചെയ്ത് ആസ്തി രജിസ്ററർ കാലികമാക്കേണ്ടതാണ്.

## 1-12 സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ബാങ്ക് കളക്ഷൻ ചാർജ്ജ് ഈടാക്കുന്നത് ശരിയായ നടപടിയല്ല

വാർഷിക ധനകാര്യപത്രിക പ്രകാരം ബാങ്ക് ചാർജ്ജ് ഇനത്തിലുള്ള ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | തുക |
|---|---|
| 2019-20 | 4062 |
| 2020-21 | 7090 |

സർക്കാർ നിർദ്ദേശപ്രകാരം ഗവൺമെന്റ് സ്ഥാപനങ്ങളുടെ സേവിംഗ്സ് അക്കൌണ്ടിൽ നിന്നും ബാങ്ക് ചാർജ്ജ് ഈടാക്കാൻ പാടില്ല. ബാങ്ക് ചാർജ്ജ് ഇളവിനായി സ്വീകരിച്ച നടപടി സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(42/22.01.2022) മറുപടിയായി ബാങ്ക് ചാർജ്ജ് ഇളവിനായി ബാങ്കിന് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മേൽ വിഷയത്തിൽ തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-13 ബിൽഡിംഗ് പെർമിറ്റ് ഫീസ് ഈടാക്കുന്നത് ചട്ടപ്രകാരമല്ല

കേരളപഞ്ചായത്ത് ബിൽഡിംഗ് റൂൾസ്, 2019 ഷെഡ്യൂൾ 2 പ്രകാരം 150 സ്ക്വയർ മീറ്റർ വരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾക്കുള്ള പെർമിറ്റ് ഫീസ് സ്ക്വയർ മീറ്ററിന് 3.5 രൂപയാണ്. എന്നാൽ 2020- 21വർഷം മേൽ പ്രകാരമുള്ള കെട്ടിട

പെർമിറ്റുകൾക്ക് പെർമിറ്റ് ഫീസായി സ്ക്വയർ മീറ്ററിന് 7 രൂപ ഈടാക്കിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ(രജിസ്റ്റർ പ്രകാരം) | ഉടമസ്ഥന്റെ പേര് | ഉപയോഗക്രമം | ഫ്ലോർ ഏരിയ (ച.മീ) | ഈടാക്കിയ തുക ,രശീതി നമ്പർ/തീയതി |
|---|---|---|---|---|
| 3 | നവാസ് | റെസിഡെൻഷ്യൽ | 118.37 | 829,100646/08.09.2020 |
| 39 | സക്കറിയ, റംല | റെസിഡെൻഷ്യൽ | 135.03 | 946, 101477, 16.11.2020 |
| 14 | മഹമ്മൂദ് | റെസിഡെൻഷ്യൽ | 136.58 | 956, 101155/21.10.2020 |
| 76 | ഫിർദൗസ് | റെസിഡെൻഷ്യൽ | 101 | 707, 1985,29.12.2020 |

മേൽ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(39/21.01.2022) മറുപടിയായി സങ്കേതം സോഫ്റ്റ് വെയർ തകരാറിലായതിനാൽ പെർമിറ്റ് ഫീസ് മാന്വലായി കാൽക്കുലേറ്റ് ചെയ്യുമ്പോൾ വന്ന ക്ലറിക്കൽ അപാകത കാരണമാണ് ഇപ്രകാരം സംഭവിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 ബസ് സ്റ്റാന്റ് ടോയ്‌ലറ്റ്, കംഫർട്ട് സ്റ്റേഷൻ യൂസർ ഫീസ് പിരിവ് -തുടർനടപടി അറിയിക്കേണ്ടതാണ്.

ബസ് സ്റ്റാന്റിലെ ടോയ് ലറ്റ്, കംഫർട്ട് സ്റ്റേഷൻ യൂസർ ഫീസും പാർക്കിംഗ് ഫീസും പിരിച്ചെടുക്കുന്നതിനുള്ള അവകാശം 2020-21 വർഷം ലേലം വഴി 56000/- രൂപക്ക് ശ്രീ ഗംഗാധരൻ എന്നയാൾക്ക് ലഭിച്ചിട്ടുണ്ട്. ലേലനടപടിക്രമം പ്രകാരം ലേലസംഖ്യയുടെ പകുതി ലേലം ലഭിച്ച തീയതിയിലും ബാക്കി തുക എഗ്രിമെന്റ് വെക്കുന്ന മുറക്കും അടക്കേണ്ടതാണ്. എന്നാൽ ലേലം ലഭിച്ച തീയതിയിൽ 16600/- ഒടുക്കിയതിന് ശേഷം ബാക്കി തുക ഒടുക്കിയിട്ടില്ല. ലേല സംഖ്യയുടെ പകുതി തുക ഒടുക്കാതെ ലേലം അംഗീകരിച്ച നടപടി ക്രമപ്രകാരമല്ല. കോവിഡ് കാരണം വാഹനങ്ങൾ ഓടാത്തതിനാൽ ആ കാലയളവിലെ തുക ഒഴിവാക്കി നൽകുന്നതിനായി ശ്രീ ഗംഗാധരൻ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ഏപ്രിൽ 2020 മുതൽ ആഗസ്റ്റ് 2020 വരെയുള്ള തുക ഒഴിവാക്കി നൽകാൻ ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഒഴിവാക്കിയ തുക കഴിച്ചുള്ള ബാക്കി തുക ടിയാൻ ഒടുക്കുകയോ എഗ്രിമെന്റ് വെക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (45/22.01.2022) മറുപടിയായി തുക അടക്കുവാൻ ആവശ്യപ്പെട്ടെങ്കിലും വരുമാനമില്ലാത്തതിനാൽ തുക അടക്കുവാൻ കഴിയില്ലെന്ന് ടിയാൻ അറിയിച്ചിട്ടുണ്ടെന്നും തുക ലഭ്യമാക്കുന്നതിനായി ആർ.ആർ നടപടി സ്വീകരിച്ച് വരുന്നതായും അറിയിച്ചിട്ടുണ്ട്. തുടർനടപടി അറിയിക്കേണ്ടതാണ്.

## 1-15 എഫ്.ടി. ഇ & ഒ.എസ് ലൈസൻസ് അപാകങ്ങൾ

31.10.2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം ഭേദഗതി വരുത്തിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകളായി തരം തിരിച്ച് ഓരോന്നിനും ബാധകമായ (പട്ടിക 2 ൽ പ്രതിപാദിച്ച പ്രകാരമുള്ള) ലൈസൻസ് ഫീസാണ് ഈടാക്കേണ്ടത്.

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 16.02.2019 തീയതിയിലെ 16/2019 നമ്പർ തീരുമാന പ്രകാരം സ്ഥാപനങ്ങളെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വിവിധ സ്ലാബുകളായി തിരിച്ച് മേൽ ഉത്തരവ് പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കുവാൻ ശുപാർശ ചെയ്യുകയും ഭരണസമിതിയുടെ 28.02.2019 തീയതിയിലെ 18/19(2) നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമനമ്പർ | സ്ഥാപനത്തിന്റെ വിഭാഗം | വാർഷിക |
|---|---|---|

| | | ലൈസൻസ് ഫീസ് |
|---|---|---|
| 1 മൈക്രോ എന്റർപ്രൈസസ് | | |
| മേഖല | മൂലധനനിക്ഷേപം | |
| ഉത്പാദന മേഖല | 2ലക്ഷം രൂപ വരെ | 300 |
| | 200001- 3 ലക്ഷം രൂപ വരെ | 400 |
| | 300001-25 ലക്ഷം രൂപ വരെ | 500 |
| സേവന മേഖല | 50, 000 വരെ | 100 |
| | 50001- 1 ലക്ഷം രൂപ വരെ | 200 |
| | 100001-2ലക്ഷം രൂപ വരെ | 300 |
| | 200001-3ലക്ഷം രൂപ വരെ | 400 |
| | 300001- 10 ലക്ഷം രൂപ വരെ | 500 |
| 2 മിനി എന്റർപ്രൈസസ് | | |
| മേഖല | മൂലധനനിക്ഷേപം | |
| ഉത്പാദന മേഖല | 25 ലക്ഷം രൂപയിൽ കൂടുതലും 1കോടി രൂപയിൽ കവിയാത്തതും | 1000 |
| സേവന മേഖല | 10 ലക്ഷം രൂപയിൽ കൂടുതലും 50 ലക്ഷം രൂപയിൽ കവിയാത്തതും | |
| 3 സ്മോൾ എന്റർപ്രൈസസ് | | |
| മേഖല | മൂലധനനിക്ഷേപം | |
| ഉത്പാദന മേഖല | 1കോടി രൂപയിൽ കൂടുതലും 5കോടി രൂപയിൽ കവിയാത്തതും | 5000 |
| സേവന മേഖല | 50 ലക്ഷം രൂപയിൽ കൂടുതലും 2കോടി രൂപയിൽ കവിയാത്തതും | |
| 4 മീഡിയം എന്റർപ്രൈസസ് | | |
| മേഖല | മൂലധനനിക്ഷേപം | |
| ഉത്പാദന മേഖല | 5കോടി രൂപയിൽ കൂടുതലും 10കോടി രൂപയിൽ കവിയാത്തതും | 10000 |
| സേവന മേഖല | 2കോടി രൂപയിൽ കൂടുതലും 5 കോടി രൂപയിൽ കവിയാത്തതും | |
| 5 ലാർജ്ജ് എന്റർപ്രൈസസ് | | |
| മേഖല | മൂലധനനിക്ഷേപം | |
| ഉത്പാദന മേഖല | 10കോടി രൂപയിൽ കൂടുതൽ | 15000 |
| സേവന മേഖല | 5കോടി രൂപയിൽ കൂടുതൽ | |

1) 2020-21 വർഷത്തെ ലൈസൻസിനായുള്ള മിക്ക അപേക്ഷകളിലും അന്വേഷണ റിപ്പോർട്ടിലും മൂലധന നിക്ഷേപം സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | വാർഡ് നം/കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | ഈടാക്കിയ തുക/ രശീത് നം,തീയതി |
|---|---|---|---|
| എം.ബി എം ടൈൽസ് | 10/156 B | ഹുസൈൻ സി | 1000/ 119030104694, 04.03.2020 |
| ദന്തൽ ക്ലീനിക് | 2/264 D,G | ഡോ. ദിവ്യ രാജൻ | 2000/119030105011, 17.03.2020 |

| | | | |
|---|---|---|---|
| സൂപ്പർ മാർക്കറ്റ് | 4/220 A,B,C,D | അബ്ദുള്ള | 2000/120030101318,03.11.2020 |
| കള്ള് ഷാപ്പ് | 12/225 | പി പി ഭാസ്കരൻ | 2000/120030101763,04.12.2020 |
| ഹൈപ്പർ മാർക്കറ്റ് | 7/200 Q-U,AP,AN | സജീറ | 2000/120030102882, 12.02.2021 |

മേൽ സ്ഥാപനങ്ങളുടെ ലൈസൻസ് തുക കണക്കാക്കിയതിന്റെ മാനദണ്ഡം വ്യക്തമല്ല. മിക്ക സ്ഥാപനങ്ങളിൽ നിന്നും ഭരണസമിതി തീരുമാനത്തിൽ പരാമർശിക്കാത്ത ലൈസൻസ് തുകയാണ് (ഉദാ 2000 രൂപ)ഈടാക്കിയിട്ടുള്ളത്.

2.ചില അപേക്ഷകളിൽ മൂലധനം സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഉണ്ടെങ്കിലും ഭരണസമിതി തീരുമാനപ്രകാരമുള്ള ലൈസൻസ് ഫീസല്ല ഈടാക്കുന്നത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | വാർഡ് നം/കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | മൂലധനനിക്ഷേപം | | ഈടാക്കിയ തുക/ രശീത് നം,തീയതി | ഈടാക്കേണ്ട തുക (ഭരണസമിതി തീരുമാന പ്രകാരം) |
|---|---|---|---|---|---|---|
| | | | അപേക്ഷ പ്രകാരം | അന്വേഷണ റിപ്പോർട്ട് പ്രകാരം | | |
| മെട്രോ സൂപ്പർമാർക്കറ്റ് | 5/55,65 | ഷാജഹാൻ | രേഖപ്പെടുത്തിയിട്ടില്ല | 10 ലക്ഷം | 2000, 119030104938, 12.02.2020 | 500 |
| അലോപ്പതിക് മരുന്നുവിൽപ്പന | 2/264 C | രാമചന്ദ്രൻ വി സി | രേഖപ്പെടുത്തിയിട്ടില്ല | 6 ലക്ഷം | 1000, 119030105078, 18.03.2020 | 500 |
| ഓഡിറ്റോറിയം | 12/177 E,F,G | സബൂർ കീത്തടത്ത് | രേഖപ്പെടുത്തിയിട്ടില്ല | 20 ലക്ഷം | 15000, 119030500055/05.03.2020 | 1000 |
| പലചരക്ക് വ്യാപാരം | 2/264 A,B,E,F | മിദ് ലാജ് | 5 ലക്ഷം | 6 ലക്ഷം | 1000, 120030100531/22.07.2020 | 500 |
| സൂപ്പർമാർക്കറ്റ് | 1/174 B | മേമി സി എച്ച് | രേഖപ്പെടുത്തിയിട്ടില്ല | 10ലക്ഷം | 2000, 120030100634, 07.09.2020 | 500 |
| സൂപ്പർമാർക്കറ്റ് | 3/308 B | മുഹമ്മദ് | രേഖപ്പെടുത്തിയിട്ടില്ല | 9ലക്ഷം | 1000, 120030100742, 16.09.2020 | 500 |
| റെഡീമെയ്ഡ്സ് | 9/277 | അർഷാദ് കെ | 500 | 5 ലക്ഷം | 1000, 120030100740, 17.09.2020 | 500 |
| ഗ്ലാസ് പ്ലാന്റ് | 1/9 D,E,F | കെ വി അബ്ദുൾ ഷുക്കൂർ | 10 ലക്ഷം | 10 ലക്ഷം | 2000, 120030100763, 17.09.2020 | 500 |

മേൽ പരാമർശങ്ങൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (35/20.01.2022) കൃത്യമായ മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-16 സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ പുതുക്കുന്നില്ല

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കാൻ പാടുള്ളതല്ല. കൂടാതെ ഇപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയുടേയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റെയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി പുതുക്കേണ്ടതാണ്. എന്നാൽ രജിസ്റ്റർ പ്രകാരം 2019-20 വർഷം ടി രജിസ്ട്രേഷനുള്ള താഴെ പറയുന്ന സ്ഥാപനങ്ങൾ 2020-21 വർഷം രജിസ്ട്രേഷൻ പുതുക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | ഉടമസ്ഥന്റെ പേര്/സ്ഥാപനം |
|---|---|
| 1 | ലിനി കെ വി, കെ.വി.എൽ മെഡിക്കൽ ലാബ് |

| | |
|---|---|
| 2 | ഷിജാസ് മംഗലാട്ട് ,എച്ച്.എൻ.സി ഇരിക്കൂർ |
| 3 | അഖിൽ പി വി, രേഖപ്പെടുത്തിയിട്ടില്ല |
| 4 | ഡോ. ടിന്റു ലൂക്കോസ്, അപ്പോളോ മൾട്ടി സ്പെഷ്യാലിറ്റി ക്ലിനിക് |

മേൽ സ്ഥാപനങ്ങൾ ഫീസ് ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/18.01.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കി അറിയിക്കേണ്ടതാണ്. കൂടാതെ മേൽ സ്ഥാപനങ്ങളിൽ നിന്നും എഫ്.ടി.ഇ.&ഒ.എസ്. ലൈസൻസ് ഫീസും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-17 വാടക അപാകങ്ങൾ

പഞ്ചായത്തിന്റെ അധീനതയിലുള്ള 5 കെട്ടിടങ്ങളാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. വാടകയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

### 1-17-1 ഗവൺമെന്റ് അംഗീകരിച്ച വാടക ബൈലോ നിലവിൽ ഇല്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 256 വകുപ്പ് പ്രകാരം പഞ്ചായത്തിന് അത് ഏത് കാര്യങ്ങൾക്കായി രൂപീകരിക്കപ്പെട്ടുവോ ആ കാര്യങ്ങളിലേതെങ്കിലും നിറവേറ്റാൻ സർക്കാറിന്റെ അംഗീകാരത്തോടുകൂടി ബൈലോകൾ ഉണ്ടാക്കാവുന്നതാണ്. പഞ്ചായത്തിന്റെ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് ഗവൺമെന്റ് അംഗീകരിച്ച ബൈലോ നിലവിൽ ഇല്ല. ബൈലോ തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടെങ്കിലും ആയതിന് അംഗീകാരം ലഭിച്ചിട്ടില്ല. വാടക ബൈലോയ്ക്ക് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതാണ്.

### 1-17-2 വാടക കുടിശ്ശിക ഈടാക്കി അറിയിക്കേണ്ടതാണ്.

6/531 എന്ന കെട്ടിടം വാടകയ്ക്കെടുത്തിട്ടുള്ള ഉദയം കുടുംബശ്രീ 2019 ഡിസംബർ മുതൽ 2020 മാർച്ച് വരെയുള്ള വാടക ഒടുക്കിയിട്ടില്ല (1042*4=4168). ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/17.01.2022) വാടക ടി ആൾക്കാരിൽ നിന്നും ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി നൽകിട്ടുണ്ട്. വാടക കുടിശ്ശിക ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-18 തൊഴിൽ നികുതി അപാകങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലോ, ആ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഏതെങ്കിലും ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ബിസിനസിലോ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ പൊതുവായ/സ്വകാര്യമായ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം തൊഴിൽനികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

### 1-18-1 സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽനികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ ഈടാക്കിയിട്ടില്ല

തൊഴിൽനികുതി രജിസ്റ്റർ പ്രകാരം താഴെ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽനികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ ഈടാക്കിയിട്ടില്ല

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | മർച്ചന്റ് കോ ഓപ്പ് സൊസൈറ്റി | I |
| 2 | എസ് ആർ ഹോസ്പിറ്റൽ | I,II |
| 3 | ജി ഗോൾഡ് ഇരിക്കൂർ | I, II |
| 4 | ജയ സിമന്റ് പ്രോഡക്ട്സ് | I, II |
| 5 | കല്ല്യാൺ ജ്വല്ലേർസ് | I, II |
| 6 | ഹിജാസ് സൂപ്പർമാർക്കറ്റ് | I, II |

| | | |
|---|---|---|
| 7 | എസ് ബിൽഡോൺ | I, II |
| 8 | സെന്റർ പോയിന്റ് കലക്ഷൻസ് | I, II |
| 9 | അറ്റ്ലസ് ജ്വല്ലറി | I,II |
| 10 | സഫ ഫാസ്റ്റ് ഫുഡ് | I, II |
| 11 | സഫ ഫാസ്റ്റ് ഫുഡ് | I, II |
| 12 | ബി എസ് പി ഫിഷ്മാർക്കറ്റ് | I, II |
| 13 | ഹോട്ടൽ പോപ്പിൻസ് | I, II |
| 14 | മാസ് ഹൈപ്പർ മാർക്കറ്റ് | I, II |
| 15 | എം ബി എം ടൈൽസ് , ഹാർഡ് വേർസ് | I,II |
| 16 | ഷൂസ് പ്ലാനറ്റ് | I, II |
| 17 | ബ്രദേഴ്സ് ഓഫ് സെറ്റ് പ്രസ് | I, II |
| 18 | റേഷൻകട പെരുവളത്ത് പറമ്പ് | I, II |
| 19 | റേഷൻകട ഇരിക്കൂർ | I, II |
| 20 | എൽ ആർ ലാബ് | I, II |
| 21 | മലബാർ ക്ലിനിക്കൽ ലബോറട്ടറി | I, II |
| 22 | ഹോമിയോ ക്ലിനിക് മെഡിക്കൽ സെന്റർ | I, II |
| 23 | കാരുണ്യ ഡെന്റൽ ക്ലിനിക് | I, II |
| 24 | വി എൻ ഡെന്റൽ സ്പെഷ്യാലിറ്റി ക്ലിനിക് | I, II |
| 25 | എച്ച് എൻ സി പ്രൈ. ലിമിറ്റഡ് | I,II |
| 26 | എഥ ഡെവലപ്പേർസ് | I,II |
| 27 | മട്ടന്നൂർ ജ്വല്ലേർസ് | I,II |
| 28 | യൂണിറ്റി ഹോസ്പിറ്റൽ | I,II |
| 29 | ആബാ മൾട്ടി സ്പെഷാലിറ്റി ഡെന്റൽ ക്ലിനിക് | I,II |
| 30 | ജബൽതാജ് ഫാമിലി റസ്റ്റോറന്റ് | I,II |
| 31 | ഓട്ടോസിറ്റി പെരുവളത്ത് പറമ്പ് | I,II |

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (34/20.01.2022) മറുപടിയായി കോവിഡ് 19 ന്റെ ഭാഗമായി മിക്ക സ്ഥാപനങ്ങളും അടച്ചതിനാലാണ് തൊഴിൽനികുതി ഈടാക്കാതിരുന്നതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ചട്ടപ്രകാരം തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങളിൽ നിന്നും ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-18-2 ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

1.താഴെ പറയുന്ന ജീവനക്കാരിൽ നിന്നും 2020-21 വർഷം തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ജീവനക്കാരന്റെ പേര് | തൊഴിൽ/സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| ജയകൃഷ്ണരാജൻ | ആധാരം എഴുത്ത് | I, II |
| ശിഹാബുദ്ദീൻ | മുദ്രപത്രം വിൽപ്പന | I, II |
| ടി വസന്തൻ | ആധാരം എഴുത്ത് | I, II |
| കെ കെ മനോഹരൻ | ആധാരം എഴുത്ത് | I |
| ടി നൗഷാദ് | എക്സ് ഇൻ ബിൽഡേഴ്സ് | I, II |
| മഹമ്മൂദ് സി എച്ച് | ടാലന്റ് ബിൽഡേഴ്സ് | I, II |
| കെ വി പ്രജിത്ത് | ആധാരം എഴുത്ത് | I, II |
| താഹിർ വി ടി | ആധാരം എഴുത്ത് | I, II |
| പുഷ്പജൻ | ആധാരം എഴുത്ത് | I, II |

മേൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുന്നതിനായി

നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (34/20.01.2022) മറുപടിയായി കോവിഡ് 19 ന്റെ ഭാഗമായി മിക്ക സ്ഥാപനങ്ങളും അടച്ചതിനാലാണ് തൊഴിൽനികുതി ഈടാക്കാതിരുന്നതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ചട്ടപ്രകാരം തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ ജീവനക്കാരിൽ നിന്നും ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

2. ഇരിക്കൂർ വില്ലേജ് ഓഫീസിലെ ജീവനക്കാരിൽ നിന്നും ഒന്നാം അർദ്ധവാർഷീക തൊഴിൽനികുതി ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ രണ്ടാം അർദ്ധവർഷ റിട്ടേൺ പ്രകാരം 5 ജീവനക്കാരുടെ തൊഴിൽനികുതി തുക 5750/- രൂപയാണ്. എന്നാൽ രജിസ്റ്ററിൽ മേൽ സ്ഥാപനത്തിന്റെ തൊഴിൽനികുതിയായി 4500/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. റിട്ടേണിൽ 5750/- രൂപയാണെങ്കിലും അക്കൗണ്ടിലേക്ക് 4500/- രൂപ മാത്രമേ ക്രെഡിറ്റ് ആയിട്ടുള്ളൂ എന്നും ബാക്കി തുകയായ 1250/- രൂപ ക്രെഡിറ്റ് ചെയ്യുന്നതിനായി സെക്രട്ടറി തളിപ്പറമ്പ താലൂക്ക് തഹസിൽദാർക്ക് 26.03.2021 തീയതി അയച്ച കത്ത് ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽ തുക ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (34/20.01.2022) തുക ലഭ്യമായിട്ടില്ലെന്നും ഓർമ്മക്കുറിപ്പ് അയക്കാമെന്നും അറിയിച്ചിട്ടുണ്ട്. മേൽ തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-18-3 തൊഴിൽനികുതി- രേഖകൾ ലഭ്യമാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽനികുതി റിട്ടേണുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| എം.ജി എൻ ആർ ഇ ജി എസ്, ഇരിക്കൂർ ബ്ലോക്ക് | I,II |
| പോസ്റ്റ് ഓഫീസ്, ഇരിക്കൂർ | I |

ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (34/20.01.2022) പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ടെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തൊഴിൽനികുതി റിട്ടേണുകൾ കൃത്യമായി സൂക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2)ഓഡിറ്റ് വർഷം തൊഴിൽനികുതി ട്രേഡേഴ്സ്/ഇൻസ്റ്റിറ്റ്യൂഷൻ എന്ന ഇനത്തിൽ 418450രൂപ വരവുണ്ട്. എന്നാൽ ഈ വരവ് സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽതന്നെ ഈ ഇനത്തിലെ വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3)ജീവനക്കാരുടെ തൊഴിൽനികുതി രജിസ്റ്ററിന്റെ സംഗ്രഹത്തിൽ കുടിശ്ശിക കളക്ഷനായി 77640 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (34/20.01.2022) രേഖകൾ ലഭ്യമാക്കുന്നതാണ് എന്ന് മറുപടി നൽകിയെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

## 1-19 അംഗൻവാടി പോഷകാഹാരം-വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിലെയും വിതരണം നടത്തിയതിലെയും അപാകങ്ങൾ.-ചെലവ് തുക1439146/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ, പേര് | 12/21, അംഗൻവാടി പോഷകാഹാരം |
| അടങ്കൽ | ₹ 13,00,000 (വികസന ഫണ്ട്, ജനറൽ) |
| | ₹ 12,00,000 (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ആകെ | ₹ 25,00,000 |
| ചെലവ് തുക, ബിൽ | ₹ 259355, ബിൽ/ ചെക്ക് നമ്പർ ലഭ്യമല്ല, 12-06-20<br>₹ 589124, 4/20-21, 29-7-20<br>₹ 111745, 5/20-21, 28-8-20 |

| | |
|---|---|
| | ₹ 66977, 6/20-21, 28-8-20<br>₹ 52272, ചെക്ക് നമ്പർ 331389, 17-11-20<br>₹ 523690, 7/20-21, 16-01-21<br>₹ 168682, ചെക്ക് നമ്പർ 1529484, 5-2-21<br>₹ 625722, ബിൽ/ ചെക്ക് നമ്പർ ലഭ്യമല്ല, 05-03-21<br>₹ 93969, ചെക്ക് നമ്പർ 332715, 17-03-21<br>₹ 8464, 17/20-21, 27-03-21 |
| | ₹ 25,00,000 |

2020-21 വർഷം അംഗൻവാടി കുട്ടികൾക്കും കൗമാരപ്രായക്കാർക്കും പോഷകാഹാരം ലഭ്യമാക്കുന്നതിനായി തയ്യാറാക്കിയ മേൽ പ്രോജക്റ്റിന്റെ നിർവ്വഹണം നടത്തിയതിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. ബിൽ നമ്പർ 4/20-21/29-07-20 പ്രകാരം പിൻവലിച്ച ₹589124-യിൽ ₹78139 ചെലവഴിച്ച് 1063.125 കി.ഗ്രാം ന്യൂട്രിമിക്സ് ശ്രേയസ് ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്നും വാങ്ങിയിട്ടുണ്ട് (ഇൻവോയ്സ് നമ്പർ 31/17-02-20). എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പേജ് 67 ൽ 398.125 കി. ഗ്രാം മാത്രമേ ചേർത്ത് വിതരണം നടത്തിയിട്ടുള്ളൂ.

2. ബിൽ നമ്പർ 6/20-21/28-08-20 പ്രകാരം ₹66977 ചെലവഴിച്ച് ശ്രേയസ് ന്യൂട്രിമിക്സിന്റെ 39/3-3-20 നമ്പർ ഇൻവോയ്സ് പ്രകാരം ന്യൂട്രിമിക്സ് വാങ്ങിയതിന്റെ ബിൽ, സാംഖ്യ ബില്ലിന്റെ കൂടെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. തുക ശ്രേയസ് ന്യൂട്രിമിക്സ് യൂണിറ്റിന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെയും തുക കൈപ്പറ്റിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. 12-06-20 ലെ സാംഖ്യ ബിൽ പ്രകാരം ₹ 259355 ചെലവ് നടത്തിയിട്ടുണ്ട്. ഈ ബില്ലിൽ നിന്നും ശ്രേയസ് ന്യൂട്രിമിക്സ് ₹ 2,00,000 നൽകുകയും ആയത് കൈപ്പറ്റിയതിന്റെ രശീത് ഹാജരാക്കിയിട്ടുണ്ടെങ്കിലും ചെലവിന് അടിസ്ഥാനമായ ന്യൂട്രിമിക്സ് വാങ്ങിയ ബില്ലുകളോ ന്യൂട്രിമിക്സ് സ്റ്റോക്കിലെടുത്തതിന്റെ രേഖകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഏതൊക്കെ ബില്ലുകളിലാണ് തുക കൈമാറിയതെന്ന് വ്യക്തമല്ല.

4. ബിൽ നമ്പർ 7/20-21/16-01-21 പ്രകാരം പിൻവലിച്ച ₹523690-യിൽ നിന്നും ഇൻവോയ്സ് നമ്പർ 39/3-4-20 പ്രകാരം ₹66977 ചെലവഴിച്ച് 911.250 Kg ന്യൂട്രിമിക്സ് വാങ്ങിയിട്ടുണ്ടെങ്കിലും 887.125 Kg മാത്രമേ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയിട്ടുള്ളൂ. ഇൻവോയ്സ് നമ്പർ 47/16-07-20, ₹87566 പ്രകാരം 1191.3775 Kg ന്യൂട്രിമിക്സ് വാങ്ങിയിട്ടുണ്ടെങ്കിലും 1090.125 Kg മാത്രമേ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയിട്ടുള്ളൂ.

5. ഐ സി ഡി എസ് സൂപ്പർവൈസറുടെയും സെന്റർ നമ്പർ 66, 69അംഗൻവാടികളിലെ വർക്കർമാരുടെയും സ്റ്റോക്ക് രജിസ്റ്ററുകൾ താരതമ്യ പരിശോധന നടത്തിയതിലെ പൊരുത്തക്കേടുകൾ ചുവടെ കൊടുക്കുന്നു.

| മാസം, ഇനം | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ചേർത്ത സാധനങ്ങളുടെ തൂക്കം (കി.ഗ്രാം.) | | വ്യത്യാസം |
|---|---|---|---|
| | ഐ സി ഡി എസ് സൂപ്പർവൈസർ | അംഗൻവാടി വർക്കർ | |
| ഏപ്രിൽ 2020 -ന്യൂട്രിമിക്സ് | 57.875 | 33.750<br>സെന്റർ നമ്പർ 69 | 24.125 |
| ജൂൺ 2020 – ന്യൂട്രിമിക്സ് | 67.500 | 50.625<br>സെന്റർ നമ്പർ 69 | 16.875 |
| ജൂൺ 2020 -ധാന്യങ്ങൾ (പൊട്ടുകടല) | 5 | 10<br>സെന്റർ നമ്പർ 66 | 5 |

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (46/22-1-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പറഞ്ഞ ബില്ലുകൾ പ്രകാരമുള്ള ₹ 1439146 (589124+66977+259355+523690) തടസ്സപ്പെടുത്തുന്നു.

## 1-20 പാലിയേറ്റീവ് പരിചരണത്തിന് ഉപകരണങ്ങൾ വാങ്ങൽ - ഓക്സിജൻ കോൺസൻട്രേറ്റർ ലഭ്യമായിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| പ്രോജക്ട് നമ്പർ, പേര് | 184/21, പാലിയേറ്റീവ് പരിചരണത്തിന് ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | ₹ 1,20,000 (മെയിന്റനൻസ് ഫണ്ട്, റോഡിതരം) |
| ചെലവ് | ₹ 1,08,492 |
| ബിൽ നമ്പർ, തീയതി | 24/20-21, 27-03-21 |

പാലിയേറ്റീവ് പരിചരണവുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ വാങ്ങുന്നതിനായി തയ്യാറാക്കിയ മേൽ പ്രോജക്ടിൽ 09-03-21 തീയതിയിലെ PRF 6064 നമ്പർ പ്രഫോർമ ഇൻവോയ്സ് പ്രകാരം 2 ഓക്സിജൻ കോൺസൻട്രേറ്റർ വാങ്ങുന്നതിനായി ₹1,08,492 കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പഞ്ചാബ് നാഷണൽ ബാങ്ക് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 3624001) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഉപകരണങ്ങൾ ലഭിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ലാത്തതിനാൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (29/20-21/18.1.22) മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഉപകരണങ്ങൾ ലഭിച്ചതിന്റെ ബില്ല് ഹാജരാക്കിയിട്ടില്ല. ഇവ ലഭിക്കുന്ന മുറയ്ക്ക് ബില്ലുകളും സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-21 ജീവൻരക്ഷാ മരുന്നുകൾ ലഭ്യമാക്കൽ - രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| പ്രോജക്ട് നമ്പർ, പേര് | 138/21, ജീവൻരക്ഷാ മരുന്നുകൾ ലഭ്യമാക്കൽ |
| അടങ്കൽ | ₹ 1,00,000 (മെയിന്റനൻസ് ഫണ്ട്, റോഡിതരം) |
| ചെലവ് | ₹ 91,280 |
| ബിൽ നമ്പർ, തീയതി | 7/20-21, 19-06-20 |

ഇരിക്കൂർ ഗ്രാമ പഞ്ചായത്ത് പെയിൻ & പാലിയേറ്റീവ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത കിഡ്നി, കാൻസർ രോഗികൾക്ക് ആവശ്യമായ മരുന്ന് വാങ്ങുന്നതിനായി പ്രഫോർമ ഇൻവോയ്സ് നമ്പർ PRF 915/11-06-20 പ്രകാരം ₹91,280 കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പഞ്ചാബ് നാഷണൽ ബാങ്ക് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 36240018)ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. മരുന്നുകൾ ലഭിച്ചതിന്റെ രേഖകളും സ്റ്റോക്ക് രജിസ്റ്ററും ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (30/20-21/18.01.22) സമർപ്പിച്ച മറുപടിയോടൊപ്പം ലഭ്യമാക്കിയ ഇൻവോയ്സുകൾ പ്രകാരം ₹36358/- യുടെ മരുന്ന് മാത്രമേ നാളിതുവരെയായി ലഭിച്ചിട്ടുള്ളൂ. ബാക്കി ₹ 54922-യുടെ മരുന്നുകൾ ലഭിയ്ക്കുന്ന മുറയ്ക്ക് ബില്ലുകളും സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-22 സാന്ത്വന പരിചരണം പരിരക്ഷ - ₹111740യുടെ മരുന്നും ഉപകരണങ്ങളും ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| പ്രോജക്ട് നമ്പർ, പേര് | 31/21, ജീവൻരക്ഷാ മരുന്നുകൾ ലഭ്യമാക്കൽ |
| അടങ്കൽ | ₹ 50,000 (വികസന ഫണ്ട്, ജനറൽ)<br>₹ 5,50,000 (ജില്ലാ പഞ്ചായത്ത് വിഹിതം) |
| ആകെ | ₹ 6,00,000 |
| ചെലവ് | ₹ 38,339<br>₹ 5,46,324 |
| ആകെ | ₹ 5,84,663 |
| തുക, ബിൽ നമ്പർ, തീയതി | ₹157170, 13/20-21, 20-01-21 |

| | |
|---|---|
| | ₹ 31725, 14/20-21, 20-01-21<br>₹ 37045, 16/20-21, 10-02-21<br>₹ 63585, 17/20-21, 10-02-21<br>₹ 3635, 20/20-21, 16-03-21<br>₹ 25154, 23/20-21, 22-03-21<br>₹ 9550, 26/20-21, 27-03-21<br>₹ 225969, 28/20-21, 27-03-21<br>₹ 30830, 29/20-21, 27-03-21 |

ഇരിക്കൂർ ഗ്രാമ പഞ്ചായത്ത് സാമൂഹിക ആരോഗ്യ കേന്ദ്രത്തിനു കീഴിലുള്ള പെയിൻ & പാലിയേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തിയ രോഗികൾക്ക് ആവശ്യമായ മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിനും പാലിയേറ്റീവ് രോഗികളുടെ ഗൃഹസന്ദർശന ചെലവിനുമായാണ് പ്രോജക്ട് തയ്യാറാക്കിയത്. മേൽ പ്രോജക്ടിൽ മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിനായി ₹337497 രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 3624001800000019) കൈമാറിയിട്ടുണ്ട്. ചുവടെ പട്ടികയിൽ കൊടുത്ത പ്രഫോർമ ഇൻവോയ്സുകൾ പ്രകാരം കൈമാറിയ തുകകൾക്ക് കണക്കായ മരുന്നും ഉപകരണങ്ങളും ലഭ്യമായില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | തുക, ബിൽ നമ്പർ, തീയതി | പ്രഫോർമ ഇൻവോയ്സ് നമ്പർ, തീയതി | തുക | ലഭിച്ച മരുന്നിന്റെ വില | ലഭിക്കാൻ ബാക്കിയുള്ള മരുന്നിന്റെ വില |
|---|---|---|---|---|---|
| 1 | ₹157170, 13/20-21, 20-1-21 | PRF 2342, 11-09-20 | 54908 | 52663 | 2245 |
| | | PRF 2341, 11-09-20 | 90655 | 59265 | 31390 |
| 2 | 28/20-21, ₹225969,27.3.20 | PRF 4764, 25-01-21 | 131490 | 94579 | 36911 |
| | | PRF 4936, 30-01-21 | 60444 | 19250 | 41194 |
| | ആകെ | | 337497 | 225757 | 111740 |

അവശേഷിക്കുന്ന മരുന്നും ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതും ഇവ ലഭിക്കുന്ന മുറയ്ക്ക് ബില്ലുകളും സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-23 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - അപാകങ്ങൾ.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ, പേര് | 137/21, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് (സ്പിൽ ഓവർ) |
| അടങ്കൽ | ₹ 98,000 (വികസന ഫണ്ട്, ജനറൽ) |
| | ₹ 1,75,000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| | ₹ 1,75,000 (ജില്ലാ പഞ്ചായത്ത് വിഹിതം) |
| ആകെ | ₹ 4,48,000 |
| ചെലവ്, ബിൽ നമ്പർ, തീയതി | ₹ 98,000, 1/20-21, 03-06-20<br>₹ 175000, 2/20-21, 03-06-20 |

| | |
|---|---|
| ആകെ | ₹ 2,73,000 |

2019-20 വർഷം ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് നൽകുന്നതിനായി തയ്യാറാക്കിയ സ്പിൽ ഓവർ പ്രോജക്ടിൽ മേല്പറഞ്ഞ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. ബിൽ പ്രകാരമുള്ള ₹ 175000, 21 ഗുണഭോക്താക്കൾക്ക് നൽകിയതിന് നിർവ്വഹണ ഉദ്യോഗസ്ഥ എഴുതി തയ്യാറാക്കിയ ലിസ്റ്റ് മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ഗുണഭോക്തൃ ലിസ്റ്റ്, ഗുണഭോക്താക്കളുടെ അക്കൗണ്ട് നമ്പർ, അവർക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. ₹ 98,000 ചെലവഴിച്ചതിന്റെ സാംഖ്യ ബിൽ, ഗുണഭോക്താക്കളുടെ അക്കൗണ്ട് നമ്പർ, അവർക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. 6 ഗുണഭോക്താക്കളുടെ ലിസ്റ്റ് മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. രേഖകൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (45/20-21/22.01.22) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-24 പ്ലാസ്റ്റിക് സംസ്കരണത്തിന് ബെയിലിംഗ് മെഷീൻ വാങ്ങി -മെഷീൻ സ്ഥാപിച്ച് പ്രവർത്തനം തുടങ്ങിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ |
| പ്രോജക്ട് നമ്പർ, പേര് | 169/21, പ്ലാസ്റ്റിക് സംസ്കരണത്തിന് ബെയിലിംഗ് മെഷീൻ വാങ്ങൽ |
| അടങ്കൽ | ₹ 6,00,000 (മറ്റുള്ളവ) |
| ചെലവ് | ₹ 4,72,000 |
| ബിൽ നമ്പർ, തീയതി | 11/20-21, 24-03-21 |

പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിനായി ശുചിത്വ മിഷൻ സർവ്വീസ് പ്രൊവൈഡറായ 'പ്രകൃതി, ആലുവ' എന്ന സ്ഥാപനത്തിൽ നിന്നും ബെയിലിംഗ് മെഷീൻ വാങ്ങുന്നതിനാണ് മേൽ പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. 'പ്രകൃതി ആലുവ'യ്ക്ക് ₹ 4,72,000 കൈമാറിയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനം ബെയിലിംഗ് മെഷീൻ ലഭ്യമാക്കിയിട്ടുണ്ട് (ഇൻവോയ്സ് നമ്പർ 66/16-03-21). മെഷീൻ സ്ഥാപിച്ചതിന്റെയും പ്രവർത്തനം തുടങ്ങിയതിന്റെയും വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(38/20-21, 21-1-22) മെഷീൻ പ്രവർത്തിപ്പിക്കാൻ ത്രീഫേസ് കണക്ഷൻ ആവശ്യമാണെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ അസി. എഞ്ചിനീയറുടെ പദ്ധതിയിൽ ഉൾപ്പെടുത്തി വയറിംഗ് പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ടെന്നും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ത്രീഫേസ് കണക്ഷൻ സ്ഥാപിച്ച് പ്രവർത്തനസജ്ജമാക്കുന്നതാണെന്നും വി.ഇ.ഒ. മറുപടി സമർപ്പിച്ചിട്ടുണ്ട്. ശരിയായ ആസൂത്രണമില്ലാതെ ത്രീഫേസ് കണക്ഷനിൽ മാത്രം പ്രവർത്തിക്കുന്ന ബെയിലിംഗ് മെഷീൻ വാങ്ങി, പ്രവർപ്പിത്തിക്കാൻ സാധിക്കാതെ നിഷ്ക്രിയമായി തുടരുന്നത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. എത്രയും വേഗത്തിൽ മെഷീൻ പ്രവർത്തന സജ്ജമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-25 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - രേഖകളും രജിസ്റ്ററുകളും ലഭ്യമാക്കിയില്ല. ചെലവുതുക ₹1,25,000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ട് നമ്പർ, പേര് | 9/21, പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | ₹1,25,000 (വികസനഫണ്ട്, പൊതുവിഭാഗം) |
| | ₹1,25,000(മറ്റുള്ളവ) |
| ആകെ | ₹ 2,50,000 |
| ചെലവ് | ₹1,25,000, ബിൽ നമ്പർ 4/20-21, തീയതി 14.01.2021 |

ഇരിക്കൂർ ഗ്രാമ പഞ്ചായത്തിലെ കന്നുകുട്ടികളുടെ ആരോഗ്യകരമായ വളർച്ചയ്ക്ക് കാലിത്തീറ്റ സബ്സിഡി നിരക്കിൽ നൽകുന്ന പദ്ധതിയാണിത്. 4-6 മാസം പ്രായമുള്ള പെൺകിടാരികളെയാണ് പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. കന്നുകുട്ടിക്ക് ഗുണനിലവാരമുള്ള കാലിത്തീറ്റ ലഭ്യമാക്കുകയും പദ്ധതിക്കാലയളവ് തീരുന്നതുവരെ ഇൻഷ്വറൻസ് പരിരക്ഷ

ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഒരു ഗുണഭോക്താവിന് ₹6,250 പഞ്ചായത്ത് വിഹിതവും ₹6,250 മൃഗസംരക്ഷണ വകുപ്പിന്റെ വിഹിതവുമായി ഒരാൾക്ക് ആകെ സബ്സിഡി ₹12,500 രൂപയാണ് നൽകുന്നത്. 10 ഗുണഭോക്താക്കൾക്ക് ഗ്രാമ പഞ്ചായത്ത് ഭരണസമിതി തെരഞ്ഞെടുത്ത കുളിഞ്ഞ ക്ഷീര സഹകരണ സംഘം വഴിയാണ് കാലിത്തീറ്റ വിതരണം ചെയ്യുന്നത്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങളും ആവശ്യമായ രേഖകളുടെ വിവരങ്ങളും ചുവടെ കൊടുക്കുന്നു..

1. ₹ 1,25,000 പിൻവലിച്ച് എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറുടെ 719011400000003 നമ്പർ ട്രഷറി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർ തുക കൈപ്പറ്റിയതിന്റെ രശീത് ലഭ്യമാക്കിയില്ല.

2. എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും മേൽ പദ്ധതിയുടെ നാളിതുവരെയുള്ള പുരോഗതി റിപ്പോർട്ട് ലഭ്യമാക്കിയില്ല.

3. കുളിഞ്ഞ ക്ഷീര സഹകരണ സംഘം ലഭ്യമാക്കിയ കാലിത്തീറ്റ വിതരണ രജിസ്റ്റർ പ്രകാരം പാത്തുട്ടി കെ ടി എന്ന ഗുണഭോക്താവ് 20-10-2021 വരെ മാത്രമേ കാലിത്തീറ്റ വാങ്ങിയിട്ടുള്ളൂ. ഇവർ പദ്ധതിയിൽ നിന്ന് ഒഴിവായിട്ടുണ്ടെങ്കിൽ ആയത് ഉറപ്പുവരുത്തി ബാക്കിയുള്ള സബ്സിഡി തുക എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

4. സ.ഉ.(കൈ) 22/18/ത.സ്വ.ഭ.വ, തീയതി 14-02-18 സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.2.6 പ്രകാരം മൃഗാസ്പത്രിയിൽ നിലവിലുള്ള കന്നുകുട്ടി ജനന രജിസ്റ്ററിൽ പേര് ചേർത്തിട്ടുള്ള കന്നുകുട്ടികളെ ഉൾപ്പെടുത്തി ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റാണ് പ്രോജക്ടിനായി ഉപയോഗിക്കേണ്ടത്. എന്നാൽ 2020-21 വർഷം നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതിയിലേക്ക് തെരഞ്ഞെടുത്ത കന്നുകുട്ടികളുടെ വിവരങ്ങൾ മൃഗാസ്പത്രിയിൽ നിലവിലുള്ള കന്നുകുട്ടി ജനന രജിസ്റ്ററിൽ ചേർത്തിട്ടില്ല.

5. ഗുണഭോക്തൃ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അവരുടെ അർഹതയും മുൻഗണനയും തെളിയിക്കുന്നതിനാവശ്യമായ രേഖകൾ അപേക്ഷകളുടെ കൂടെ ഹാജരാക്കിയിട്ടില്ല. നിർവഹണ ഉദ്യോഗസ്ഥന്റെ പരിശോധനാ റിപ്പോർട്ടും ഫയലിൽ ലഭ്യമല്ല. ഗുണഭോക്താക്കളെ മുൻഗണന നിശ്ചയിച്ച് തെരഞ്ഞെടുത്തത് എങ്ങനെയെന്ന് വ്യക്തമല്ല.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/20-21/15.01.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവുതുക ₹1,25,000 തടസ്സപ്പെടുത്തുന്നു.

## 1-26 ലൈഫ് ആശ്രയ ഭവന നിർമ്മാണം രണ്ടാം ഘട്ടം - അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് വീട് കൈമാറിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ |
| പ്രോജക്ട് നമ്പർ, പേര് | 136/20, ലൈഫ് ആശ്രയ ഭവന നിർമ്മാണം രണ്ടാം ഘട്ടം |
| അടങ്കൽ | ₹ 12,00,000 (വികസന ഫണ്ട്, ജനറൽ) |
| | ₹ 200,000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ആകെ | ₹ 14,00,000 |
| ചെലവ് | ₹ 9,00,000 (വികസന ഫണ്ട്, ജനറൽ) |
| ബിൽ നമ്പർ, തീയതി | ₹ 200000, 2/19-20, 02-12-19<br>₹ 100,000, 3/19-20, 30-12-19<br>₹ 400000, 7/19-20, 06-03-19<br>₹ 200000, 11/19-20, 25-03-19 |

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 143/21, ലൈഫ് ആശ്രയ ഭവന നിർമ്മാണം രണ്ടാം ഘട്ടം (സ്പിൽ ഓവർ) |
| അടങ്കൽ | ₹ 3,00,000 (വികസന ഫണ്ട്, ജനറൽ) |
| | ₹ 200,000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ആകെ | ₹ 5,00,000 |
| ചെലവ് | ₹ 5,00,000 |
| ബിൽ നമ്പർ, തീയതി | ₹ 300000, 6/20-21, 03-08-20 |

| | |
|---|---|
| | ₹ 200,000, 8/20-21, 29-01-20 |

നിഷ്ക്രിയ ആസ്തികളുടെ പുനരുജ്ജീവനത്തിന്റെ ഭാഗമായി ആശ്രയ കുടുംബങ്ങൾക്ക് വീട്ട നൽകാൻ തയ്യാറാക്കിയ പദ്ധതിയാണിത് (55/19(5), 24-08-2019 നമ്പർ പഞ്ചായത്ത് തീരുമാനം). 2018-2021 ആശ്രയ അഗതി രഹിത കേരളം പദ്ധതി ഡി പി ആർ പ്രകാരം ഇരിക്കൂർ ഗ്രാമ പഞ്ചായത്തിൽ 5 പുതിയ കുടുംബങ്ങളും നിലവിലുള്ള പദ്ധതിയിലെ 24 കുടുംബങ്ങളും ഉൾപ്പെടെ ആകെ 29 അഗതി കുടുംബങ്ങളാണുള്ളത്. 2008-09 ൽ പണി ആരംഭിച്ച് നാളിതുവരെ പൂർത്തീകരിക്കാത്ത 7 വീട്ടകൾ പൂർത്തീകരിക്കുന്നതിന് അസി. എഞ്ചിനീയറുടെ വാല്വേഷന്റെ അടിസ്ഥാനത്തിൽ മേല്പറഞ്ഞ പ്രകാരം 2019-20, 2020-21 വർഷങ്ങളിൽ തുക പിൻവലിച്ച് കുടുംബശ്രീ സി ഡി എസിന്റെ അഗതിരഹിത കേരളം അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് വീട്ടകൾ അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് കൈമാറിയതിന്റെ വിവരങ്ങളും സ.ഉ (എം.എസ്) നം. 126/2018/ ത.സ്വ.ഭ.വ, തീയതി 14-09-2018 അഗതിരഹിത കേരളം പദ്ധതി മാർഗ്ഗരേഖ ഭേദഗതി ഉത്തരവിലെ ഖണ്ഡിക 4.2.1.1 പ്രകാരം ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങളും ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെട്ടിട്ടുണ്ടെന്ന് കുടുംബശ്രീ ഉറപ്പാക്കേണ്ടതാണ്. ഖണ്ഡിക 4.2.2.1 പ്രകാരം ഭവനരഹിതരും വീട്ട നിർമ്മിക്കാൻ ആവശ്യത്തിന് ഭൂമിയുള്ളവരുമായ എല്ലാ അഗതി കുടുംബങ്ങളേയും ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളാക്കേണ്ടതും ലൈഫ് പദ്ധതിയുടെ ആനുകൂല്യം അനുവദിക്കുമ്പോൾ ടി ഗുണഭോക്താക്കൾക്ക് പ്രഥമ പരിഗണന നൽകേണ്ടതുമാണ്. എന്നാൽ ഈ വ്യവസ്ഥകൾ പാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (37/21-1-22) മാർഗ്ഗരേഖ വ്യവസ്ഥകൾ പ്രകാരം തന്നെയാണ് ആശ്രയ അഗതിരഹിത കേരളം പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് വേണ്ടി പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള അനുയോജ്യമായ ഭൂമി കണ്ടെത്തി ഭവനനിർമ്മാണ പ്രവൃത്തി 2007-08 ൽ ആരംഭിച്ചതെന്നും മേൽക്കൂര നിർമ്മാണം പൂർത്തിയായെങ്കിലും ഫണ്ട് തികയാത്തതിനാൽ (ബാക്കി തുക കൂടി ചേർത്ത് ഭവനനിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്തവരായതിനാൽ) പണി പൂർത്തീകരിക്കാൻ കഴിയാതെ നിഷ്ക്രിയ ആസ്തിയായി തുടരുകയും ചെയ്തു എന്നാണ് വി ഇ ഒ മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ആയതിനാലാണ് പ്രസ്തുത ഭവനങ്ങൾ അസി.എഞ്ചിനീയറുടെ വാല്വേഷന്റെ അടിസ്ഥാനത്തിൽ വാസയോഗ്യമാക്കി അഗതിരഹിത കേരളം പദ്ധതിയിലെ 7 ഗുണഭോക്താക്കൾക്ക് കൈമാറാൻ പ്രോജക്ട് തയ്യാറാക്കിയത്. 7 പേരിൽ ഉമ്മയ്യ കെ സി, വി കെ അഷ്റഫ്, മിനിക്കൻ ഖദീജ എന്നിവർ നിലവിൽ അവിടെ താമസിക്കുന്നുണ്ട്. പൊന്മാണിച്ചി അബ്ദുല്ല, റഹ്മത്ത് പള്ളിക്കൽ, സി വി എൻ അഫ്ലത്ത് എന്നിവർ പ്രായാധിക്യത്താൽ ഒറ്റയ്ക്ക് താമസിക്കാൻ ബുദ്ധിമുട്ട് ആയതിനാൽ താമസം ആരംഭിച്ചിട്ടില്ല. കുന്നമ്മൽ പാത്തുമ്മ എന്ന ഗുണഭോക്താവ് മരണപ്പെട്ടുവെന്നും നിലവിൽ താക്കോൽ കൈമാറിയവരെ പെട്ടെന്ന തന്നെ താമസിപ്പിക്കാനും വിസമ്മതം അറിയിക്കുന്നവരെ ഒഴിവാക്കി അർഹരായ ഗുണഭോക്താക്കളെ താമസിപ്പിക്കാനും ഉള്ള നടപടികൾ കൈക്കൊള്ളാൻ ഭരണസമിതിയോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും വി ഇ ഒ അറിയിച്ചിട്ടുണ്ട്. ആശ്രയ അഗതിരഹിത കേരളം പദ്ധതിയിലെ അർഹതപ്പെട്ട മുഴുവൻ ഗുണഭോക്താക്കൾക്ക് എത്രയും പെട്ടെന്ന് വീട്ടകൾ കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനായി മേൽ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-27 അസി. എഞ്ചിനീയരുടെ ചെലവ് ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ പൊതു അപാകതകൾ

എ) പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല .

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച പ്രവൃത്തിപൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തിപൂർത്തീകരണ കാലയളവ് എത്രയാണെന്ന് വ്യക്തമാക്കുന്നില്ല. കരാറിൽ പ്രവൃത്തിപൂർത്തീകരണ കാലയളവ് വ്യക്തമാക്കേണ്ടതാണ്.

ബി) സപ്ലിമെന്റ് കരാർ ശരിയായ വിധത്തിൽ പൂരിപ്പിക്കുന്നില്ല .

സമയപരിധിയ്ക്കകം പൂർത്തീകരിക്കാത്ത പ്രവൃത്തികളിൽ സപ്ലിമെന്ററി കരാർ വെച്ച് പ്രവൃത്തി കാലയളവ് ദീർഘിപ്പിക്കുന്നുണ്ടെങ്കിലും സപ്ലിമെന്ററി കരാർ യഥാവിധി പൂരിപ്പിക്കുന്നില്ല. സപ്ലിമെന്ററി കരാർ പ്രകാരം എത്ര കാലത്തേക്കാണ് പ്രവൃത്തി കാലയളവ് ദീർഘിപ്പിച്ചു നൽകിയത് എന്ന് വ്യക്തമല്ല.

സി) മുഴുവൻ പ്രവൃത്തികൾക്കും പ്രവൃത്തി പൂർത്തീകരണ കാലയളവ് ആറുമാസം നൽകുന്നത് ശരിയായ നടപടിയല്ല .

മുഴുവൻ പ്രവൃത്തികൾക്കും പ്രവൃത്തിയുടെ വലിപ്പ-ചെറുപ്പം പരിഗണിക്കാതേ പ്രവൃത്തി പൂർത്തീകരണ കാലയളവ് ആറുമാസം നൽകുന്നത് ശരിയായ നടപടിയല്ല.കെട്ടിടനിർമാണം പോലേയുള്ള വലിയ പ്രവൃത്തികൾക്കും റോഡ് ടാറിംഗ് കോൺക്രീറ്റിംഗ് പോലേയുള്ള ചെറിയപ്രവൃത്തികൾക്കും പ്രവൃത്തി പൂർത്തീകരണ കാലയളവ് ഒരേ പോലേ നൽകുന്നതായി ഫയൽ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

ഡി) ജി എസ്.ടി ഇൻവോയിസ് ലഭ്യമാക്കേണ്ടതാണ്

മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് അടിസ്ഥാനമായ നിലവിലുള്ള ഡി എസ് ആർ, കോസ്റ്റ് ഇൻഡിസസ് എന്നിവയിൽ ജി എസ് ടി ഉൾപ്പെട്ടിട്ടുള്ളതാണ്. 12% ജി എസ് ടി കോംപൻസേഷൻ ഉൾപ്പടെയുള്ള തുകക്കാണ് മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. ആകെ പ്രവൃത്തിമൂല്യത്തിൽ നിന്ന് 2% ജി എസ് ടി, ബില്ലിൽ കുറവു ചെയ്ത ശേഷമാണ് കരാറുകാർക്ക് തുക നൽകുന്നത്. 10% ജി എസ് ടി ഉൾപ്പെട്ട തുക കരാറുകാർക്ക് നൽകുന്നതിനാൽ കരാറുകാരിൽ നിന്നും ജി എസ് ടി ഇൻവോയിസ് ലഭ്യമാക്കേണ്ടതുണ്ട്. നിലവിൽ ടാക്സ് ഇൽവോയിസുകൾ ഇല്ലാതെ തന്നെ ജി എസ് ടി ഉൾപ്പെട്ട തുക കരാറുകാർക്ക് നൽകി വരുകയാണ് ചെയ്യുന്നത്. 2019-20,2020-21 സാമ്പത്തിക വർഷം സ്ഥാപനത്തിന്റെ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരിൽ നിന്നും ജി എസ് ടി ഇൻവോയിസ് ലഭ്യമാക്കി നികുതി ഒടുക്കുന്നതിന്റെ കൃത്യത നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതാണ്.

## 1-28 ശാന്തിതീരം പൊതു ശ്മശാനം പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തീകരിക്കുകയും പിഴ ഇനത്തിൽ തുക ഈടാക്കേണ്ടതുമാണ്.

| | |
|---|---|
| പ്രൊജക്റ്റിന്റെ നമ്പർ | So 044/21 |
| പേര് | ശാന്തിതീരം പൊതു ശ്മശാനം നവീകരണം |
| എസ്ററിമേറ്റ് തുക | 1600000 |
| ഫണ്ട് ഇനം | ധനകാര്യകമ്മീഷൻ ഗ്രാന്റ് 100000<br>ബ്ലോക്ക് പഞ്ചായത്ത് 1000000<br>ജില്ല പഞ്ചായത്ത് 500000 |
| ചെലവ് തുക | 351877 |
| വൗച്ചർ നമ്പർ, തുക | 70-23/3/2021 – 100000/-<br>76-27/3/2021 – 251877/- |
| എം ബുക്ക് നമ്പർ | 32/20-21 |
| കരാറുകാരന്റെ പേര് | കെ.പി.രാധാകൃഷ്ണൻ |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ<br>ഇരിക്കൂർ ഗ്രാമ പഞ്ചായത്ത് |

മേൽ പ്രവൃത്തിയ്ക്ക് വേണ്ടി 1281962.01രൂപയുടെ ടെണ്ടർ സമർപ്പിച്ച ശ്രീ. കെ.പി.രാധാകൃഷ്ണൻ എന്ന കരാറുകാരനുമായി ആറുമാസകാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാനായി 22/10/2020 ന് കരാറിൽ ഏർപ്പെടുകയും 7/1/2021 ന് ടിയാൾ സൈറ്റ് ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്.

ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1) കരാറിൽ ഏർപ്പട്ടതിനു ശേഷം കരാറുകാരൻ സൈറ്റ് 72 ദിവസം കഴിഞ്ഞാണ് ഏറ്റെടുത്തിരിക്കുന്നത്. ജി.ഒ.(പി) 13/2012/PWD പ്രകാരം പുറപ്പെടുവിച്ച കേരള പൊതു മരാമത്ത് മാന്വൽ അനുസരിച്ച് സെലക്ഷൻ നോട്ടിസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാറുടമ്പടി വെക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം PAC തുകയുടെ 1% തുക പിഴയായി ഈടാക്കി 10 ദിവസം വരെ കരാർ വെക്കാവുന്നതാണ്. ഇങ്ങനെ 14 ദിവസവും 10 ദിവസവും കഴിഞ്ഞും കരാർ വെക്കാത്ത പക്ഷം കരാർ റദ്ദാക്കണമെന്നും വ്യവസ്ഥയുണ്ട്.കൂടുതൽ സ്ഥലം വാങ്ങിയതിന്റെ റജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കാൻ ഉള്ളതിനാലാണ് സൈറ്റ് ഏറ്റെടുക്കുവാൻ വൈകിയതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇത്രയും ദീർഘമായ കാലയളവ് സൈറ്റ് ഏറ്റെടുക്കുവാൻ വൈകിയത് ശരിയായ നടപടിയല്ല. ഇത് സംബന്ധിച്ച് ഭരണസമിതി തീരുമാനവും ലഭ്യമാക്കിയിട്ടില്ല.

2) 8/7/2021 കരാറുകാരന് അയച്ച അസി.എഞ്ചിനീയരുടെ AE/LSGD/IKR/Works 21-22കത്ത് പ്രകാരം പ്രവൃത്തി പുരോഗതി ഉണ്ടായിട്ടില്ല എന്നു അറിയിച്ചിട്ടുണ്ട്. 22/10/2020 ലെ കരാർ പ്രകാരം ആറുമാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതുണ്ട്. ഏകവർഷ പ്രൊജക്റ്റായ പ്രസ്തുത പ്രവൃത്തിയ്ക്ക് തൻവർഷം പാർട്ട് ബിൽ മാത്രമാണ് നൽകിയിരിക്കുന്നത്. കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ 6/7/2021 ന് പൂർത്തീകരിക്കേണ്ട പ്രവൃത്തിയ്ക്ക് ഭരണസമിതിയുടെ 8/7/2021 യോഗ തീരുമാനം നമ്പർ 97/21(1) തീരുമാനപ്രകാരം പിഴ കൂടാതെ 6/10/21 വരെ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കണമെന്ന് ഓഡിറ്റ് എൻക്വയറി നമ്പർ 23 തീയതി 18/1/2022 പ്രകാരം ആവശ്യപ്പെട്ടതിനു പ്രസ്തുത പ്രവൃത്തി അവസാന ഘട്ടത്തിലാണെന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്.പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 6/10/21

ന ശേഷമുള്ള കാലയളവിലേക്ക് പിഴ ഈടാക്കേണ്ടതാണ്.

## 1-29 പ്രവൃത്തി- ചെയിനേജ് ആവർത്തനം അധിക തുക പലിശ ഉൾപ്പെടെ തിരികെ ഈടാക്കേണ്ടതാണ്.

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ | 71/19-20 | 100/20-21 |
| പ്രൊജക്ട് പേര് | കിടാരി വയൽ ചേടിച്ചേരി അമ്പലം റോഡ് കോൺക്രീറ്റ് | കിടാരി വയൽ ചേടിച്ചേരി അമ്പലം റോഡ് കോൺക്രീറ്റ് |
| എസ്റ്റിമേറ്റ് തുക | 150000 | 300000 |
| ഫണ്ട് ഇനം | മെയിന്റയിനനസ് ഫണ്ട് (Road) | മെയിന്റയിനനസ് ഫണ്ട് (Road) |
| ചെലവ് തുക | 149682 | 299195 |
| വൗച്ചർ നമ്പർ | 4/2020-21 | 48/20-21 |
| എം ബുക്ക് നമ്പർ | 35/19-20 | 25/20-21 |
| കരാറുകാരന്റെ പേര് | സമീർ.സി.വി .കെ | മഹമ്മൂദ് സി.എച്ച് |

മേൽ രണ്ട് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ പ്രൊജക്ട് നമ്പർ 71/19-20 പ്രകാരം കിടാരി വയൽ ചേടിച്ചേരി അമ്പലം റോഡ് കോൺക്രീറ്റ് പ്രവൃത്തിയ്ക്കുവേണ്ടി CH 0/121 മുതൽ 0/155.8 വരെ യും,34.8m ഉം പ്രൊജക്ട് നംപർ 100/20-21 പ്രകാരം അതേ റോഡിൽ CH 0/150 മുതൽ 0/230.50 വരെ 80.5m ഉം റോഡ് കോൺക്രീറ്റ് പ്രവൃത്തിയാണ് ഉദ്ദേശിച്ചിരിക്കുന്നത്.

മേൽ രണ്ട് പ്രവൃത്തികളിൽ ഒരേ സമയം 5.8 M ചെയിനേജിൽ പ്രവൃത്തി ആവർത്തിക്കപ്പെട്ടതായി കാണുന്നു. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനായി 15/1/2022 ലെ എൻക്വയറി നമ്പർ 6 പ്രകാരം ആവശ്യപ്പെട്ടതിനു ലഭിച്ച മറുപടി തൃപ്തികരമല്ല. എസ്റ്റിമേറ്റിലെ ചെയിനേജ് ക്ലറിക്കൽ അപാകത മൂലം സംഭവിച്ചതാണെന്നും അളവുകളിലും പ്രവൃത്തിയിലും ആവർത്തനം ഉണ്ടായിട്ടില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. എന്നാൽ അതേ അളവുകൾ തന്നെയാണ് പ്രവൃത്തിയുടെ അളവുകളായിട്ട് എം ബുക്കിലും രേഖപ്പെടുത്തിയിരിക്കുന്നത്. ആയതു പ്രകാരമാണ് തുക അനുവദിച്ചിരിക്കുന്നത്. ആയതിനാൽ ഇരു പ്രൊജക്ടുകളിലുമായി ചെയ്തതായി കാണിച്ച 5.8 മീറ്റർ ചെയിനേജിന് അധികമായി അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്. പ്രോജക്ട് നമ്പർ 100/20-21 പ്രകാരം അംഗീകരിച്ച അളവിന്റെ വിവരം ചുവടെ കൊടുക്കുന്നു.

അളവിന്റെ വിവരം

| 25/20-21 നമ്പർ | ചെയിനേജ് | ദൂരം | വീതി | കനം | ആകെ അളവ് |
|---|---|---|---|---|---|
| എസ്റ്റിമേറ്റിലും എം ബുക്കിലും രേഖപ്പെടുത്തിയത് | 150 മുതൽ 230.50 വരെ | 80.5 | 3.000 | 0.150 | 36.225 |
| യഥാർത്ഥത്തിൽ ചെയ്യേണ്ട പ്രവൃത്തി | 155.8 മുതൽ 230.50 | 74.7 | 3.000 | 0.150 | 33.615 |

| | | | | | |
|---|---|---|---|---|---|
| | വരെ | | | | |
| അളവിലെ വ്യത്യാസം | | | | | 2.61 |

ചെലവ് തുക സംബന്ധിച്ച വിവരം

| | പ്രവൃത്തി | ആകെ അളവ് | നിരക്ക് | |
|---|---|---|---|---|
| 25/20-21എം ബുക്ക് പ്രകാരം | Excavation In Soil With Lead Upto 100 M Etc. | 36.225 | 60.59 | 2194.87 |
| | "Concrete Work | 36.225 | 7313.83 | 264943.97 |
| | എം ബുക്ക് പ്രകാരം പ്രവൃത്തി മൂല്യം | | | 267138.84 |
| യഥാർത്ഥത്തിൽ അനുവദിക്കാവുന്നത് | " | 33.615 | 60.59 | 2036.73 |
| | " | 33.615 | 7313.83 | 245854.40 |
| | അനുവദിക്കാവുന്ന പ്രവൃത്തി മൂല്യം | | | 247891.13 |
| വ്യത്യാസം | | | | 19247 |
| അധികമായി അനുവദിച്ചത് | | 2.61 | 60.59 | 158.14 |
| | | 2.61 | 7313.83 | 19089.10 |
| അധികമായി അനുവദിച്ച തുക | | | | 19247 |

അധികമായി അനുവദിച്ച 19247/-രൂപ 18% പലിശ ഉൾപ്പെടെ തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-30 ചുമതലയിൽ പെടാത്ത സ്ഥാപനത്തിന്റെ ചെലവ് വഹിക്കുന്നത്

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 166 പ്രകാരം മൂന്നാം പട്ടികയിൽ ഇനം തിരിച്ച് പറഞ്ഞിട്ടുള്ള കാര്യങ്ങൾ സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ ആവശ്യങ്ങൾ നിറവേറ്റണ്ടത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. മൂന്നാം പട്ടികയിൽ ക്രമ നമ്പർ XII-ൽ പൊതുജനാരോഗ്യവും ശുചീകരണവും എന്ന മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ 1-ാംമത്തെ ഇനമായ ഡിസ്പെൻസറികളും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും നടത്തുക എന്നത് ഗ്രാമ പഞ്ചായത്തിന്റെ ചുമതലയാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 172 പ്രകാരം നാലാം പട്ടികയിൽ ഇനം തിരിച്ച് പറഞ്ഞിട്ടുള്ള കാര്യങ്ങൾ സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ ആവശ്യങ്ങൾ നിറവേറ്റണ്ടത് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയാണ്. നാലാം പട്ടികയിൽ ക്രമനമ്പർ X-ൽ പൊതുജനാരോഗ്യവും ശുചീകരണവും എന്ന മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ ബ്ലോക്ക് പഞ്ചായത്തിനുള്ളിൽ എല്ലാത്തരം ചികിത്സാ സമ്പ്രദായങ്ങളിലുമുള്ള സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളും താലൂക്ക് ആശുപത്രികളും നടത്തുക എന്നത് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയാണ്. ജി ഒ (എം എസ്) 55/2010/H&FWD തീയതി 20-05-20210 പ്രകാരം ഇരിക്കൂർ പ്രാഥമിക ആരോഗ്യകേന്ദ്രം കമ്മ്യൂണിറ്റി

ആരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. എന്നാൽ ഇക്കാര്യം പരിഗണിക്കാതെ ഇരിക്കൂർ സി.എച്ച് സി സ്റ്റാഫ് നഴ്സിന് വേതനം നൽകുന്നതിന് താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | മാസം | വൗച്ചർ നമ്പർ തീയതി | തുക |
|---|---|---|---|
| 1 | 03/2020 | 22000019/08-04-2020 | 16000 |
| 2 | 04/2020 | 22000093/19-05-2020 | 15467 |
| 3 | 05/2020 | 22000138/15-06-2020 | 16000 |
| 4 | 06/2020 | 22000274/15-07-2020 | 16000 |
| 5 | 07/2020 | 22000338/29-08-2020 | 16000 |
| 6 | 08/2020 | 22000416/15-09-2020 | 16000 |
| 7 | | 22000438/25-09-2020 ഫെസ്റ്റിവൽ അലവൻസ് | 1210 |
| 8 | 09/2020 | 22000576/13-10-2020 | 16000 |
| 9 | 10/2020 | 22000615/06-11-2020 | 15484 |
| 10 | 11/2020 | 22000639/22-12-2020 | 16000 |
| 11 | 12/2020 | 22000751/11-01-2021 | 16000 |
| 12 | 01/2021 | 22000817/10-02-2021 | 16000 |
| 13 | 02/2021 | 22000924/10-03-2021 | 16000 |
| ആകെ ചെലവഴിച്ച തുക | | | 192161 |

കൂടാതെ വൗച്ചർ നമ്പർ 2200339/29-08-2020 പ്രകാരം ₹2000 പോസ്റ്റൽ സ്റ്റാമ്പ് വാങ്ങുന്നതിനും ഗവ:ആശുപത്രി നവീകരണ പ്രവൃത്തികൾക്കായി മെയിന്റനൻസ് ഫണ്ട് റോഡിതരത്തിൽ നിന്നും 585822രൂപയും ചെലവഴിച്ചിട്ടുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/17-01-2022) സി എച്ച് സി ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിലേക്ക് കൈമാറിയിട്ടില്ലായെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 166, 172, ജി ഒ (എം എസ്) 55/2010/H&FWD തീയതി 20-05-2010 ഉത്തരവ് എന്നിവയിലെ നിർദ്ദേശങ്ങൾ പാലിച്ച് കൊണ്ട് ചെലവ് ചെയ്യേണ്ടതാണ്. ഇക്കാര്യത്തിൽ വ്യക്തത വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-31 ഒരേ ആവശ്യത്തിന് 9 പേർ യാത്ര ചെയ്തത്

ഇരിക്കൂർ സി.എച്ച്.സി. മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നതിന് ആരോഗ്യമന്ത്രിയെ കാണുന്നതിനും വാട്ടർ അതോറിറ്റി കുടിശ്ശിക തീർക്കുന്നതുമായി ബന്ധപ്പെട്ട് കേരള വാട്ടർ അതോറിറ്റിയുടെ തിരുവനന്തപുരം ഓഫീസിൽ പോയതിനും ₹ 22,830 യാത്രാബത്ത ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പേര് | ഔദ്യോഗിക സ്ഥാനം | വൗച്ചർ നമ്പർ / തീയതി | അനുവദിച്ച തുക |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീകെ ടി നസീർ | ചെയർമാൻ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 22000236/10-07-2020 | 3232 |
| ശ്രീമതി ടി പി ഫാത്തിമ | ചെയർപേഴ്സൻ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 22000237/10-07-2020 | 3232 |
| ശ്രീമതി വി പി പ്രേമലത | മെമ്പർ വാർഡ് -13 | 22000238/10-07-2020 | 2338 |
| ശ്രീമതി പ്രസന്ന എം പി | മെമ്പർ വാർഡ് -12 | 22000239/10-07-2020 | 2338 |
| ശ്രീ ജനാർദ്ദനൻ എം വി | മെമ്പർ വാർഡ് -11 | 22000240/10-07-2020 | 2338 |
| ശ്രീമതി നസീമ പി പി | മെമ്പർ വാർഡ് -8 | 22000241/10-07-2020 | 2338 |
| ശ്രീമതി ഹലീമ സി വി കെ | മെമ്പർ വാർഡ് -5 | 22000242/10-07-2020 | 2338 |
| ശ്രീ അഷ്റഫ് കെ ആർ | മെമ്പർ വാർഡ് -3 | 22000243/10-07-2020 | 2338 |
| ശ്രീമതി അമ്പിളി കെ | മെമ്പർ വാർഡ് -2 | 22000244/10-07-2020 | 2338 |
| | | | 22830 |

ഒരേ ആവശ്യത്തിന് 9 പേർ യാത്ര ചെയ്യത് ശരിയായ നടപടിയല്ല. ഇത്തരം യാത്രകൾ അത്യാവശ്യം വേണ്ടുന്ന ജനപ്രതിനിധികളെ മാത്രം ഉൾപ്പെടുത്തി നടത്തേണ്ടതാണ്.

## 1-32 എസ്.എൽ.ഐ., ജി.ഐ.എസ് . വരിസംഖ്യ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.

സംസ്ഥാന ലൈഫ് ഇൻഷൂറൻസ് പദ്ധതിയിൽ ജി.ഒ.(പി) 149/2016/ധന തീയതി 04-10 -2016 പ്രകാരം നിശ്ചയിച്ച നിരക്കിലും കുറഞ്ഞ നിരക്കിലാണ് ജീവനക്കാർ വരിസംഖ്യ നല്കുന്നത് വിശദ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | പേര് | തസ്തിക | അടിസ്ഥാന ശമ്പളം | ഈടാക്കുന്ന വരിസംഖ്യ | ഈടാക്കേണ്ട വരിസംഖ്യ |
|---|---|---|---|---|---|
| 1 | ശ്രീ ജോൺ കെ സ്റ്റീഫൻ | അസിസ്റ്റന്റ് സെക്രട്ടറി | 39500 | 350 | 500 |

2-ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതിയിൽ ജി.ഒ.(പി) 112/2016/ധന തീയതി 01-08 -2016 പ്രകാരം നിശ്ചയിച്ച നിരക്കിലും കുറഞ്ഞ നിരക്കിലാണ് ജീവനക്കാർ വരിസംഖ്യ നല്കുന്നത് വിശദ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | പേര് | തസ്തിക | ശമ്പള സ്കെയിൽ | ഈടാക്കുന്ന വരിസംഖ്യ | ഈടാക്കേണ്ട വരിസംഖ്യ |
|---|---|---|---|---|---|
| 1 | ശ്രീ ജോൺ | അസിസ്റ്റന്റ് | 30700-65400 | 300 | 400 |

| | | | | | |
|---|---|---|---|---|---|
| | കെ സ്റ്റീഫൻ | സെക്രട്ടറി | | | |

കുറഞ്ഞ നിരക്കിൽ വരിസംഖ്യ ഈടാക്കിയതിന് കാരണം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ജീവനക്കാരൻ ഇരിക്കൂർ ഗ്രാമ പഞ്ചായത്തിൽ നിന്ന് വിടുതൽ ചെയ്തെന്ന് സെക്രട്ടറി അറിയിക്കുകയുണ്ടായി. ജി ഒ (പി) 159/2021/ധന തീയതി 30-11-2021 ലെ നിർദ്ദേശ പ്രകാരം സ്റ്റേറ്റ് ലൈഫ് ഇൻഷ്വൂറൻസ് വരിസംഖ്യയും ജി ഒ (പി) 156/2021/ധന തീയതി 26-11-2021 ലെ നിർദ്ദേശ പ്രകാരം ഗ്രൂപ്പ് ഇൻഷ്വറൻസ് വരിസംഖ്യയും പുതുക്കി നിർണ്ണയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ വരിസംഖ്യ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-33 സ്മാർട്ട് കോളർ സ്ഥാപിക്കൽ അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ പേര് | 17/2021 -സ്മാർട്ട് കോളർ സ്ഥാപിക്കൽ |
| അടങ്കൽ | 60000 തനത് ഫണ്ട് |
| ചെലവ് | 59000 വൗച്ചർ നമ്പർ 22000977/22.03.2021 |
| കരാറുകാരൻ | സ്മാർട്ട് വേവ് സൊലൂഷ്യൻ പ്രൈവറ്റ് ലിമിറ്റഡ് കണ്ണൂർ |

പ്രോജക്റ്റ് നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- തദ്ദേശ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി)259/2010 /ത.സ്വ.ഭ.വ. തീയതി 08-11-2010 പ്രകാരം മതിപ്പുവില 5000 ൽ കൂടുതലും 25000 ൽ താഴെ ഉള്ള വാങ്ങലുകൾ ക്വട്ടേഷൻ മുഖേനയും 25000 ൽ കൂടുതലും 100000 ൽ താഴെ ഉള്ള വാങ്ങലുകൾ ലിമിറ്റഡ് ടെണ്ടർ മുഖേനയും 100000 ന് മുകളിലുള്ള വാങ്ങലുകൾ ഓപ്പൺ ടെണ്ടർ മുഖേനയുമാണ് നടത്തേണ്ടത്. എന്നാൽ 60,000 അടങ്കലിലുള്ള പദ്ധതി ലിമിറ്റഡ് ടെണ്ടർ ചെയ്യാതെ ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കിയത്.

2- പഞ്ചായത്തിൽ നിന്നുള്ള അറിയിപ്പുകൾ വോയിസ് കോളായി ജനങ്ങളെ അറിയിക്കുന്നതിന് വേണ്ടി തയ്യാറാക്കിയ പ്രോജക്റ്റാണിത്. കരാർ പ്രകാരം 22-01-2021 മുതൽ ഒരുവർഷത്തേക്ക് സ്മാർട്ട് വേവ് സൊലൂഷ്യൻ പ്രൈവറ്റ് ലിമിറ്റഡ് കണ്ണൂർ 30 സെക്കന്റ് ദൈർഘ്യമുള്ള 50,000 കോൾ പാക്കേജ് പഞ്ചായത്തിന് നൽകുന്നതിനാണ് തുക അനുവദിച്ചത്. എന്നാൽ പദ്ധതി ആരംഭിച്ചപ്പോൾ തന്നെ മുഴുവൻ തുകയും സ്ഥാപനത്തിന് നൽകി. 12.04.2006 ലെ സ.ഉ(പി)177/06ധന പ്രകാരം മുൻകൂർ തുക അനുവദിക്കാവുന്ന പദ്ധതികളിൽ ഉൾപ്പെട്ടിട്ടില്ല.

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 11/17.01.2022) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പദ്ധതി അടിയന്തിരമായി നടപ്പാക്കേണ്ടിവന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. അപാകങ്ങൾ ആവർത്തിക്കാതിരിക്കേണ്ടതും സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

## 1-34 തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപണി അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ പേര് | 181/2021 -തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപണി |
| അടങ്കൽ 500000 | 162500 വികസനഫണ്ട്<br>200000 ധനകാര്യ കമ്മിഷൻ ഗ്രാന്റ്<br>137500 തനത് ഫണ്ട് |
| ചെലവ് 165750 | 1,62,500 20/29-03-2021<br>3250 22001026/29-03-2021 |
| കരാറുകാരൻ | ജോസ് കെ എം ഇലക്ട്രിക്കൽ കോൺട്രാക്ടർ ഓഡിയോ<br>വിഷ്വൽ ഇലക്ട്രിക്കൽസ് വീർപ്പാട് പി ഒ |

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്ക് വാർഷിക പരിപാലന കരാർ പ്രോജക്ട് നടപ്പാക്കിയതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് കെ എസ് ഇ ബി മായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ രേഖകൾ ഇല്ല.

2- തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് രജിസ്റ്റർ പൂർണ്ണമല്ല. II , IX, X , XIII വാർഡുകളിലെ തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച വിവരം രജിസ്റ്ററിൽ ലഭ്യമല്ല. രജിസ്റ്റർ പ്രകാരം ബാക്കി വാർഡുകളിലെ 465 തെരുവ് വിളക്കുകൾ മാത്രമാണ് ഉള്ളത്. തെരുവ് വിളക്കുകളുടെ എണ്ണം 650 ആയി കണക്കാക്കിയത് എങ്ങിനെയെന്ന് അറിയിക്കേണ്ടതാണ്.

3- താഴെ പറയും പ്രകാരമാണ് കരാറുകാർ തുക ക്വാട്ട് ചെയ്തത്

| | Jose K M | Sajan M |
|---|---|---|
| 36 Watts LED | 725 | 750 |
| 24 Watts LED | 650 | 675 |
| 11x2 Watts LED | 625 | 635 |
| 36 Watts LED Automatic | 825 | 840 |
| 24 Watts LED Automatic | 750 | 780 |
| 11x2 Watts LED Automatic | 725 | 740 |

ജോസ് കെ എം എന്നവരുടെ ടെണ്ടർ സ്വീകരിക്കുകയും ഓട്ടോമെറ്റിക്ക് എൽ ഇ ഡി വിളക്കുകളുടെ നിരക്കിന്റെ അടിസ്ഥാനത്തിൽ (36 Watts210x825=173250, 24 Watts LED 200X750=150000, 11x2 Watts 240X725=174000)കരാർ തുക 497250 രൂപ കണക്കാക്കി ആദ്യഗഡു ( 1/3 ) 1,65,750 നൽകുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ മുഴവൻ തെരുവ് വിളക്കുകളും ഓട്ടോമെറ്റിക്ക് സംവിധാനത്തിൽ മാറിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. മുഴവൻ തെരുവ് വിളക്കുകളും ഓട്ടോമെറ്റിക്ക് ആണെങ്കിൽ മാത്രമാണ് കൂടിയ നിരക്കിന് അർഹത. ഓട്ടോമാറ്റിക്ക് അല്ലാത്ത എൽ.ഇ.ഡി. വിളക്കുകളുടെ എണ്ണം കണക്കാക്കി അധികം തുക നൽകിയിട്ടുണ്ടെങ്കിൽ തുക തിരിച്ച് പിടിക്കേണ്ടതാണ്.

4- വാർഷിക അറ്റകുറ്റപണി പ്രകാരമുള്ള ആനുപാതിക തുക കരാറിലെ വ്യവസ്ഥകൾ പാലിക്കുന്ന മുറക്ക് 3 മാസം കൂടുമ്പോൾ നൽകാവുന്നതാണെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. 01-03-2021 ൽ കരാർ ചമച്ച മാസം തന്നെ 1,65,750 രൂപ അനുവദിച്ചു.

അപാകങ്ങൾക്ക് കാരണം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/17-01-2022 ന് ) ടെണ്ടർ ഫോറം വിലയിൽ കുറവ് വന്ന തുക ടെണ്ടറുകൾ സമർപ്പിച്ചവരിൽ നിന്ന് ഈടാക്കുന്നതാണെന്നും, തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് കെ.എസ്.ഇ.ബി-യുമായി ചേർന്ന് സംയുക്ത പരിശോധനക്ക് കത്ത് നൽകിയെങ്കിലും പരിശോധന പൂർത്തീകരിച്ചിട്ടില്ലയെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിലെ മുഴവൻ തെരുവ് വിളക്കുകളും ഓട്ടോമെറ്റിക്ക് സമ്പ്രദായത്തിൽ മാറിയിട്ടില്ലെന്ന് നിർവ്വഹണ ഉദ്യേഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ഓട്ടോമെറ്റിക്ക് എൽ ഇ ഡി ബൽബുകൾക്കും, എൽ ഇ ഡി ബൽബുകൾക്കും വ്യത്യസ്ത നിരക്കാണ് കരാറുകാരൻ ക്വാട്ട് ചെയ്തത്. കരാറുകാരന് ആദ്യഗഡുമാത്രമാണ് അനുവദിച്ചതെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിലെ ഓട്ടോമെറ്റിക്ക് അല്ലാത്ത തെരുവ് വിളക്കുകളുടെ എണ്ണം കണക്കാക്കി അതിന് കുറഞ്ഞ ടെണ്ടർ നിരക്ക് പ്രകാരം കരാർ തുക പുതുക്കി നിശ്ചയിക്കേണ്ടതും പ്രസ്തുത തുകമാത്രം കരാറുകാരന് അനുവദിക്കേണ്ടതുമാണ്.

## 1-35 ലോൺ തുക തിരിച്ചടച്ചിട്ടും വികസനഫണ്ടിൽ നിന്നും കുറവ് ചെയ്ത ₹204941 തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

ലൈഫ് പദ്ധതിക്കായി ഹഡ്കോയിൽ നിന്ന് ലഭിച്ച വായ്പ ഒന്നാം ഗഡു ₹461800 ആവശ്യമില്ലാത്തതിനാൽ 28-03-2019 ൽ തിരിച്ചടച്ചിരുന്നു. എന്നാൽ ഇക്കാര്യം പരിഗണിക്കാതെ 189/21 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് പ്രോജക്ട്

പ്രകാരം പഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്ന് ₹204941 കുറവ് ചെയ്തിട്ടുണ്ട്. ജി ഒ പ്രോജക്ട് പ്രകാരം ഈടാക്കിയ ₹204941 തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 1-36 ആർജ്ജിതാവധി സറണ്ടർ രേഖകൾ ലഭ്യമാക്കിയില്ല. ₹67920 ചെലവ് തടസ്സപ്പെടുത്തുന്നു.

വൗച്ചർ നമ്പർ / തീയതി 22000022/15-04-2020 ₹67920

ശ്രീ. ഇബ്രാഹിം എൻ യു, സെക്രട്ടറിക്ക് 01-04-2020 മുതൽ 30-04-2020 വരെയുള്ള ആർജ്ജിതാവധി സറണ്ടർ ചെയ്ത് ₹67920 അനുവദിച്ചിട്ടുണ്ട്. ജീവനക്കാരന് ആർജിതാവധി സറണ്ടർ ചെയ്യുന്നതിന് അനുമതി നൽകിയിട്ടുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഉത്തരവ് പരിശോധനക്ക് ലഭിച്ചിട്ടില്ല. ഉത്തരവ് ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം (14/17-01-2022) നൽകിയെങ്കിലും ബന്ധപ്പെട്ട ഉത്തരവ് ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ₹67920 ചെലവ് തടസ്സപ്പെടുത്തുന്നു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഉത്തരവ് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-37 സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ ആർജ്ജിതാവധി സറണ്ടർ അനുവദിച്ചു. ₹47450 ചെലവ് തടസ്സപ്പെടുത്തുന്നു

വൗച്ചർ നമ്പർ / തീയതി 22000029/17-04-2020 ₹47450

ശ്രീ. ജോൺ കെ സ്റ്റീഫൻ, അസിസ്റ്റന്റ് സെക്രട്ടറിക്ക് 2020 -21 സാമ്പത്തിക വർഷം ആർജ്ജിതാവധി സറണ്ടർ ചെയ്ത് ₹47450 അനുവദിച്ചിട്ടുണ്ട്. ജി.ഒ(പി)42/2020/ധന തീയതി 16-04-2020 പ്രകാരം കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിലുള്ള സാമ്പത്തിക നിയന്ത്രണങ്ങൾ കാരണം ആർജ്ജിത അവധി സറണ്ടർ ചെയ്യുന്നത് മൂന്ന് മാസത്തേക്ക് മരവിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ 16-04-2020 വരെ ആർജിതാവധി സറണ്ടർ ചെയ്യുന്നതിന് അനുമതി നൽകി എൻകാഷ് ചെയ്യാത്തവ റദ്ദാക്കേണ്ടതാണെന്നും ആർജിതാവധി റീക്രഡിറ്റ് ചെയ്യാനും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശം പാലിക്കാതെ 17-04-2020 ന് ജീവനക്കാരന് സറണ്ടർ ലീവ് സാലറി അനുവദിച്ചതിന്റെ കാരണം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/17-01-2022) ജീവനക്കാരനോട് തുക തിരിച്ചടക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്ന് സെക്രട്ടറി അറിയിക്കുകയുണ്ടായി, ₹47450 ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-38 മഴക്കാല പൂർവ്വ ശുചീകരണം വാല്വേഷനിലും അധികം നൽകിയ ₹2459 ചെലവ് നിരാകരിക്കുന്നു.

വൗച്ചർ നമ്പർ / തീയതി 22000288/27-07-2020 ₹10000

പഞ്ചായത്തിലെ അഞ്ചാം വാർഡിൽ മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി ചെറുവണ്ണി ഡ്രെയിനേജ് ശുചീകരണത്തിന് വാർഡ് മെമ്പർ ഹലീമ സി വി കെ യുടെ അപേക്ഷ പ്രകാരം 10000 രൂപ അനുവദിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതിയുടെ 10-07-2020 ലെ 91/2020 തീരുമാന പ്രകാരം കോവിഡ് കാരണം കമ്മിറ്റി ചേരാൻ പറ്റാത്തതുകൊണ്ട് അസിസ്റ്റന്റ് എഞ്ചിനീയർ/ ഓവർസിയർ തയ്യാറാക്കുന്ന വാല്വേഷൻ പ്രകാരമുള്ള തുക തനത് ഫണ്ട്/ശുചിത്വ ഫണ്ടിൽ നിന്ന് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ വാല്വേഷൻ റിപ്പോർട്ട് പ്രകാരം ആകെ പ്രവർത്തിമൂല്യം 7541 രൂപ മാത്രമാണ്. പ്രവർത്തിമൂല്യത്തിനെക്കാൾ തുക അനുവദിച്ചതിന് കാരണം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 17/17.01.2022) മറുപടി നൽകിയിട്ടില്ല. വാല്വേഷനിലും അധികം നൽകിയ ₹2459 ചെലവ് നിരാകരിക്കുന്നു. അധികം നൽകിയ തുക തിരികെ ഈടാക്കി ഒടുക്കേണ്ടതാണ്.

## 1-39 മാസ്ക് വിതരണം- രേഖകൾ ഹാജരാക്കിയിട്ടില്ല. ₹46000 ചെലവ് തടസ്സപ്പെടുത്തുന്നു

വൗച്ചർ നമ്പർ / തീയതി 22000294/27-07-2020 ₹25000

വൗച്ചർ നമ്പർ / തീയതി 22000307/29-07-2020 ₹21000

ആകെ ₹46000

ഇരിക്കൂർ കുടുംബശ്രീ സി ഡി എസ് ന്റെ നേതൃത്വത്തിൽ 4600 മാസ്ക് തയ്യാറാക്കിയതിന് ഒരു മാസ്കിന് 10 രൂപ പ്രകാരം 46000 രൂപ ജുനൈദ എൻ, ചെയർപേഴ്സൻ സി ഡി എസ് ന് നൽകിയിട്ടുണ്ട്.

1- മാസ്ക് തയ്യാറാക്കിയത് ഏതെല്ലാം കുടുംബശ്രീ മുഖേനയാണെന്ന് വ്യക്തമല്ല.

2- മാസ്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഇല്ല

3- മാസ്ക് തയ്യാറാക്കിയതിന് തുക നൽകിയത് സി ഡി എസ് ചെയർപേഴ്സനാണ്. എന്നാൽ മാസ്ക് തയ്യാറാക്കിയ യൂണിറ്റുകൾക്ക് തുക നൽകിയതിന്റെ രേഖകൾ ഇല്ല.

അപാകങ്ങൾക്ക് കാരണം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 24/18-01-2022) ന് മറുപടി നൽകിയിട്ടില്ല. അപാകങ്ങൾ കാരണം ₹46000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പ്രവൃത്തി- ചെയിനേജ് ആവർത്തനം അധിക തുക പലിശ ഉൾപ്പെടെ തിരികെ ഈടാക്കേണ്ടതാണ്.

| | | |
|---|---|---|
| പ്രൊജക്റ്റ് നമ്പർ | 71/19-20 | 100/20-21 |
| പ്രൊജക്റ്റ് പേര് | കിടാരി വയൽ ചേടിച്ചേരി അമ്പലം റോഡ് കോൺക്രീറ്റ് | കിടാരി വയൽ ചേടിച്ചേരി അമ്പലം റോഡ് കോൺക്രീറ്റ് |
| എസ്റ്ററിമേറ്റ് തുക | 150000 | 300000 |
| ഫണ്ട് ഇനം | മെയിന്റയിനനസ് ഫണ്ട് (Road) | മെയിന്റയിനനസ് ഫണ്ട് (Road) |
| ചെലവ് തുക | 149682 | 299195 |
| വൗച്ചർ നമ്പർ | 4/2020-21 | 48/20-21 |
| എം ബുക്ക് നമ്പർ | 35/19-20 | 25/20-21 |
| കരാറുകാരന്റെ പേര് | സമീർ.സി.വി .കെ | മഹമ്മൂദ് സി.എച്ച് |

മേൽ രണ്ട് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ പ്രൊജക്റ്റ് നമ്പർ 71/19-20 പ്രകാരം കിടാരി വയൽ ചേടിച്ചേരി അമ്പലം റോഡ് കോൺക്രീറ്റ് പ്രവൃത്തിയ്ക്കുവേണ്ടി CH 0/121 മുതൽ 0/155.8 വരെ യും,34.8m ഉം പ്രൊജക്റ്റ് നംപർ 100/20-21 പ്രകാരം അതേ റോഡിൽ CH 0/150 മുതൽ 0/230.50 വരെ 80.5m ഉം റോഡ് കോൺക്രീറ്റ് പ്രവൃത്തിയാണ് ഉദ്ദേശിച്ചിരിക്കുന്നത്.

മേൽ രണ്ട് പ്രവൃത്തികളിൽ ഒരേ സമയം 5.8 M ചെയിനേജിൽ പ്രവൃത്തി ആവർത്തിക്കപ്പെട്ടതായി കാണുന്നു. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനായി 15/1/2022 ലെ എൻക്വയറി നമ്പർ 6 പ്രകാരം ആവശ്യപ്പെട്ടതിനു ലഭിച്ച മറുപടി തൃപ്തികരമല്ല. എസ്റ്ററിമേറ്റിലെ ചെയിനേജ് ക്ലറിക്കൽ അപാകത മൂലം സംഭവിച്ചതാണെന്നും അളവുകളിലും പ്രവൃത്തിയിലും ആവർത്തനം ഉണ്ടായിട്ടില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. എന്നാൽ അതേ അളവുകൾ തന്നെയാണ് പ്രവൃത്തിയുടെ അളവുകളായിട്ട് എം ബുക്കിലും രേഖപ്പെടുത്തിയിരിക്കുന്നത്. ആയതു പ്രകാരമാണ് തുക അനുവദിച്ചിരിക്കുന്നത്. ആയതിനാൽ ഇരു പ്രൊജക്റ്റുകളിലുമായി ചെയ്തതായി കാണിച്ച 5.8 മീറ്റർ ചെയിനേജിന് അധികമായി അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്. പ്രോജക്റ്റ് നമ്പർ 100/20-21 പ്രകാരം അംഗീകരിച്ച അളവിന്റെ വിവരം ചുവടെ കൊടുക്കുന്നു.

അളവിന്റെ വിവരം

| 25/20-21 നമ്പർ | ചെയിനേജ് | ദൂരം | വീതി | കനം | ആകെ അളവ് |
|---|---|---|---|---|---|
| എസ്റ്റിമേറ്റിലും എം ബുക്കിലും രേഖപ്പെടുത്തിയത് | 150 മുതൽ 230.50 വരെ | 80.5 | 3.000 | 0.150 | 36.225 |
| യഥാർത്ഥത്തിൽ ചെയ്യേണ്ട പ്രവൃത്തി | 155.8 മുതൽ 230.50 വരെ | 74.7 | 3.000 | 0.150 | 33.615 |
| അളവിലെ വ്യത്യാസം | | | | | 2.61 |

ചെലവ് തുക സംബന്ധിച്ച വിവരം

| | പ്രവൃത്തി | ആകെ അളവ് | നിരക്ക് | |
|---|---|---|---|---|
| 25/20-21എം ബുക്ക് പ്രകാരം | Excavation In Soil With Lead Upto 100 M Etc. | 36.225 | 60.59 | 2194.87 |
| | “Concrete Work | 36.225 | 7313.83 | 264943.97 |
| | എം ബുക്ക് പ്രകാരം പ്രവൃത്തി മൂല്യം | | | 267138.84 |
| യഥാർത്ഥത്തിൽ അനുവദിക്കാവുന്നത് | “ | 33.615 | 60.59 | 2036.73 |
| | “ | 33.615 | 7313.83 | 245854.40 |
| | അനുവദിക്കാവുന്ന പ്രവൃത്തി മൂല്യം | | | 247891.13 |
| വ്യത്യാസം | | | | 19247 |
| അധികമായി അനുവദിച്ചത് | | 2.61 | 60.59 | 158.14 |
| | | 2.61 | 7313.83 | 19089.10 |
| അധികമായി അനുവദിച്ച തുക | | | | 19247 |

അധികമായി അനുവദിച്ച 19247/-രൂപ 18% പലിശ ഉൾപ്പെടെ തുക തിരികെ ഈടാക്കേണ്ടതാണ്.

### 3-2 മഴക്കാല പൂർവ്വ ശുചീകരണം വാല്വേഷനിലും അധികം നൽകിയ ₹2459 ചെലവ് നിരാകരിക്കുന്നു.

വൗച്ചർ നമ്പർ / തീയതി 22000288/27-07-2020 ₹10000

പഞ്ചായത്തിലെ അഞ്ചാം വാർഡിൽ മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി ചെറുവണ്ണി ഡ്രെയിനേജ് ശുചീകരണത്തിന് വാർഡ് മെമ്പർ ഹലീമ സി വി കെ യുടെ അപേക്ഷ പ്രകാരം 10000 രൂപ അനുവദിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതിയുടെ 10-07-2020 ലെ 91/2020 തീരുമാന പ്രകാരം കോവിഡ് കാരണം കമ്മിറ്റി ചേരാൻ പറ്റാത്തതുകൊണ്ട് അസിസ്റ്റന്റ് എഞ്ചിനീയർ/ ഓവർസിയർ തയ്യാറാക്കുന്ന വാല്വേഷൻ പ്രകാരമുള്ള തുക തനത് ഫണ്ട്/ശുചിത്വ ഫണ്ടിൽ നിന്ന് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ വാല്വേഷൻ റിപ്പോർട്ട് പ്രകാരം ആകെ പ്രവർത്തിമൂല്യം 7541 രൂപ മാത്രമാണ്. പ്രവർത്തിമൂല്യത്തിനെക്കാൾ തുക അനുവദിച്ചതിന് കാരണം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 17/17.01.2022) മറുപടി നൽകിയിട്ടില്ല. വാല്വേഷനിലും അധികം നൽകിയ ₹2459 ചെലവ് നിരാകരിക്കുന്നു. അധികം നൽകിയ തുക തിരികെ ഈടാക്കി ഒടുക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയിതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ തീയതി |
|---|---|---|
| 2020-21 | 19-01-2022 | കെ.എസ്.എ.കെ.എൻ.ആർ/സി.4/102/2022 തീയതി - 18-03-2022 |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം/വർഷം | ലഭിച്ച തുക | പദ്ധതിയുടെ പേര് നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1 | കണ്ണൂർ ജില്ലാ പഞ്ചായത്ത് 2020-21 | 175000 | 13/2021ശാരീരിക മാനസി വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 175000 | |
| 2 | | 23840 | 18/2021 ക്ഷീരകർഷകർക്ക് ഉല്പാദന ബോണസ് | 23840 | |
| 3 | | 2010122 | 28/2021 ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം | 2010122 | |
| 4 | | 546324 | 31/2021 സ്വാന്തന പരിചരണം പരിരക്ഷ | 546324 | |
| 5 | | 52602 | 58/2021 സമഗ്ര നെൽകൃഷി വികസനം | 52602 | |
| 6 | | 359795 | 117/2021 ശാന്തിതീരം പൊതു ശ്മശാനം നവീകരണം | 359795 | |
| 7 | | 175000 | 137/2021 ശാരീരിക മാനസി വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 175000 | |

| | | | | | |
|---|---|---|---|---|---|
| 8 | | 200000 | 141/2021 ലൈഫ് മിഷൻ പദ്ധതി -2 | 200000 | |
| 9 | | 1,50,000 | 145/2021 കാർഷിക സ്വയം പര്യാപ്ത ഗ്രാമങ്ങൾ | 1,50,000 | |
| 10 | | 87,500 | 148/2021 തരിശ് നെൽകൃഷി | 87,500 | |
| 11 | | 18500 | 150/2021 തരിശ് പച്ചക്കറി കൃഷി | 18500 | |
| 12 | | 1,00,000 | 13/2021ശാരീരിക മാനസി വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 1,00,000 | |
| 13 | | 20,000 | 18/2021 ക്ഷീരകർഷകർക്ക് ഉല്പാദന ബോണസ് | 20,000 | |
| 14 | | 0* | 27/2021 ചേടിച്ചേരി അംഗൻവാടി നിർമ്മാണം (കോട്ടവയൽ) | 400000 | |
| 15 | ബ്ലോക്ക് പഞ്ചായത്ത് ഇരിക്കൂർ 2020-21 | 251877 | 44/2021 ശാന്തിതീരം പൊതു ശ്മശാനം നവീകരണം | 251877 | |
| | | 5,60,000 | 55/2021 ലൈഫ് മിഷൻ ഭവന പദ്ധതി | 5,60,000 | |
| 16 | | 500000 | 56/2021ഗാർഹിക റിംഗ് കമ്പോസ്റ്റ് യൂണിറ്റ് | 500000 | |
| 17 | | 1,50,000 | 59/2021 ചേടിച്ചേരി പാടശേഖരസമിതിക്ക് പവർടില്ലർ | 1,50,000 | |
| 18 | | 2,00,000 | 143/2021 ലൈഫ് ആശ്രയ ഭവന നിർമ്മാണം രണ്ടാം ഘട്ടം | 2,00,000 | |
| 19 | | 80,000 | 186/2021 ലൈഫ് മിഷൻ ഭവന പദ്ധതി പട്ടിക ജാതി | 80,000 | |

* ക്രമ നമ്പർ 14 ചേടിച്ചേരി അങ്കണവാടി നിർമ്മാണം (കോട്ടവയൽ) പ്രോജക്ട് ചെലവ് 2019-20 വർഷം വരവ് തുകയാണ്

## 4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ളതുക |
|---|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി | പട്ടീൽ സിദ്ദിഖ് നഗർ മാമാനം റോഡിൽ സ്ട്രീറ്റ് ലൈറ്റ് മെയിൻ | 148916 | 148916 | പൂർത്തീകരിച്ച | - |

| | | | | | |
|---|---|---|---|---|---|
| ബോർഡ് | വലിക്കൽ | | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപങ്ങളുടെ വിവരം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം, | ഖണ്ഡിക നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം, | ഖണ്ഡിക നമ്പർ | പരാമർശ വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2007-08 | 3 | 2012-13 | 17-2 | നിഷ്ക്രിയ ആസ്തിയായി മാറിയ കുടുംബശ്രീ ഉൽപ്പന്ന വിപണന കേന്ദ്രം | നിലവിൽ കുടുംബശ്രീ ഉൽപ്പന്ന വിപണന കേന്ദ്രത്തിലെ മുഴുവൻ മുറികളിലും സംരംഭങ്ങൾ പ്രവർത്തിച്ചുവരുന്നു |

## 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

14.

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 47665043 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 47729686 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 21706 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1729981 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-1 (1-29) | 19247 | ശ്രീ അനിൽ കുമാർ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 (1-38) | 2459 | ശ്രീ.ഇബ്രാഹിം എൻ യു<br>സെക്രട്ടറി |
| ആകെ | 21706 | |

ഓഡിറ്റിൽ തടസ്സപ്പെട്ടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 915456 | ശ്രീമതി വീണ എസ്<br>ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| | 523690 | ശ്രീമതി ലളിത എം<br>ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 1-25 | 125000 | ഡോ. നിത്യ ചാക്കോ, വെറ്റിനറി സർജൻ |
| 1-36 | 67920 | ശ്രീ.ഇബ്രാഹിം എൻ യു, സെക്രട്ടറി |
| 1-37 | 47450 | ശ്രീ.ഇബ്രാഹിം എൻ യു, സെക്രട്ടറി |
| 1-39 | 46000 | ശ്രീ.ഇബ്രാഹിം എൻ യു, സെക്രട്ടറി |
| ആകെ | 1725516 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഇബ്രാഹിം എൻ യു<br>സെക്രട്ടറി | സെക്രട്ടറി ഇരിക്കൂർ ഗ്രാമപഞ്ചായത്ത് | അറഫ മൻസിൽ<br>പി.ഒ.ചെങ്ങളായി<br>670631 |
| ശ്രീ അനിൽ കുമാർ<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ ഇരിക്കൂർ ഗ്രാമപഞ്ചായത്ത് | അരിങ്ങോത്ത് ഹൗസ്, ചെറുപഴശ്ശി, കൊളച്ചേരി പി ഒ 670601 |

| | | |
|---|---|---|
| ശ്രീമതി വീണ എസ് ഐ.സി.ഡി.എസ്.സൂപ്പർവൈസർ | വിവരം ലഭ്യമല്ല | തിക്കോടി വഴി കട്ടല്ലൂർ പി ഒ കോഴിക്കോട് |
| ശ്രീമതി ലളിത എം ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ ഇരിക്കൂർ ഗ്രാമപഞ്ചായത്ത് | സ്വസ്തി, പട്ടാനൂർ ഇരിക്കൂർ പിഒ കണ്ണൂർ 670593 |
| ഡോ. നിത്യാ ചാക്കോ | വിവരം ലഭ്യമല്ല | അനുഗ്രഹ, മേശിക്കാട്, മുഖത്തല, കൊല്ലം, ആലമൂട് പി.ഒ. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.കെ.എൻ.ആർ.സി 4/829/19തീ.05.09.2019 | 3 |
| 2000-01(പ.വി) | കെ.എസ്.എ.കെ.എൻ.ആർ.സി 4/829/19തീ.05.09.2019 | 2 |
| 2002-03 | കെ.എസ്.എ.കെ.എൻ.ആർ.സി 4/829/19തീ.05.09.2019 | 7 |
| 2003-04 | കെ.എസ്.എ.കെ.എൻ.ആർ.സി 4/829/19തീ.05.09.2019 | 5 |
| 2004-05 | കെ.എസ്.എ.കെ.എൻ.ആർ.സി 4/829/19തീ.05.09.2019 | 8 |
| 2005-06 | കെ.എസ്.എ.കെ.എൻ.ആർ.സി 4/829/19തീ.05.09.2019 | 1 |
| 2006-07 | കെ.എസ്.എ.കെ.എൻ.ആർ.സി 4/829/19തീ.05.09.2019 | 2 |
| 2007-08 | കെ.എസ്.എ.കെ.എൻ.ആർ.സി 4/829/19തീ.05.09.2019 | 4 |
| 2008-09 | കെ.എസ്.എ.കെ.എൻ.ആർ.സി 4/829/19തീ.05.09.2019 | 3 |
| 2009-10 | കെ.എസ്.എ.കെ.എൻ.ആർ.സി 4/829/19തീ.05.09.2019 | 4 |
| 2010-11, 2011-12 | കെ.എസ്.എ.കെ.എൻ.ആർ.സി 4/829/19തീ.05.09.2019 | 1 |
| 2012-13, 2013-14 | കെ.എസ്.എ.കെ.എൻ.ആർ.സി 4/829/19തീ.05.09.2019 | 20 |
| 2014-15 | കെ.എസ്.എ.കെ.എൻ.ആർ.സി 4/829/19തീ.05.09.2019 | 8 |
| 2015-16 | കെ.എസ്.എ.കെ.എൻ.ആർ.സി 4/829/19തീ.05.09.2019 | 9 |
| 2016-17 | കെ.എസ്.എ.കെ.എൻ.ആർ.സി | 9 |

| | | |
|---|---|---|
| | 4/829/19തീ.05.09.2019 | |
| 2017-18 | കെ.എസ്.എ./കെ.എൻ.ആർ./സി.4/16/19 തീ.25.05.19 | 1 |
| 2018-19 | കെ.എസ്.എ./കെ.എൻ.ആർ./സി.4/1333 /2019(1) തീ.01.10.2020 | 14 |
| 2019-20 | കെ.എസ്.എ./കെ.എൻ.ആർ./സി.4/101/2022 തീ. 08.03.2022 | 24 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3-1

## റെസീറ്റ് ആന്റ് സ്റ്റേറ്റ്മെന്റ്

| Irikkur Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No. | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 6970935.00 |
| Cash | Cash | RP-40(a) | 202559.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1246870.00 |
| 140000000 | Fees & User Charges | RP-4 | 880948.00 |
| 150000000 | Sale & Hire Charges | RP-5 | 136402.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 35174010.00 |
| 171000000 | Interest Earned | RP-9 | 90102.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 5184145.00 |
| 350000000 | Other Liabilities | RP-36 | 195264.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 163902.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 2470.00 |
| 310000000 | Panchayat Fund | RP-28 | 0.0 |
| 311000000 | Earmarked Funds | RP-29 | 69883.00 |
| 340000000 | Deposits Received | RP-34 | 229284.00 |
| 350000000 | Other Liabilities | RP-36 | 201970.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4080793.00 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-47 | 9000.00 |
| | Grand total | | 54838537.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2992925.00 |
| 220000000 | Administrative Expenses | RP-12 | 795888.00 |
| 230000000 | Operations & Maintenance | RP-13 | 1357694.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 2046044.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 8921116.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2521498.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 969465.00 |

## അനുബന്ധം 3-2

## ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Irikkur Grama Panchayat INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5289808.00 |

| | | | |
|---|---|---|---|
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 59428.00 |
| 140000000 | Fee & User Charges | I-4(b) | 1200148.00 |
| 150000000 | Sale & Hire Charges | I-5(b) | 136402.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 78748725.00 |
| 171000000 | Interest Earned | I-8 | 90102.00 |
| 180000000 | Other Income | I-9 | 2470.00 |
| | Total Income | | 85527083.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9493732.00 |
| 220000000 | Administrative Expenses | I-11(b) | 882981.00 |
| 230000000 | Operations & Maintenance | I-12(b) | 1365349.00 |
| 240000000 | Interest & Finance Charges | I-13 | 7090.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 2642576.00 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 26181649.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2373170.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 969465.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 25943760.00 |
| 255000000 | Maintenance Projects | I-14(e) | 6800589.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 95000.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 40000.00 |
| 272000000 | Depreciation | I-17(a) | 4981492.00 |
| | Total Expenditure | | 81776853.00 |
| | Gross Surplus/ Deficit of income over Expenditure | | 3750230.00 |
| 280000000 | Prior Period Item | I-18 | 296224.00 |

| | | | |
|---|---|---|---|
| | | | |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 3454006.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം 3-3

## ബാലൻസ് ഷീറ്റ്

| | | | |
|---|---|---|---|
| Irikkur Grama Panchayat BALANCE SHEET | | | |
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -8262090.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 69607.00 |
| 312000000 | Reserves | B-3 | 41383303.00 |
| | Total Reserve & Surplus | | 33190820.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 3146849.00 |

| | | | |
|---|---|---|---|
| | | | |
| | Total Grants, Contributions for Specific Purposes | | 3146849.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 416337.00 |
| 350000000 | Other Liabilities | B-9 | 1240585.00 |
| | Total Current Liabilities and Provisions | | 1656922.00 |
| | TOTAL LIABILITIES | | 37994591.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 48357849.00 |
| 411000000 | Accumulated Depreciation | B-11 | -23563107.00 |
| 412000000 | Capital Work in Progress | B-11(a) | 4097383.00 |
| | Total Fixed Assets | | 28892125.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |

| | | | |
|---|---|---|---|
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 1731872.00 |
| 450000000 | Cash and Bank Balance | B-17 | 7108851.00 |
| 460000000 | Loans, Advances and Deposits | B-18 | 261743.00 |

| | |
|---|---|
| Total Current Assets, Loans and Advances | 9102466.00 |
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 37994591.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.